പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## മുപ്പത്തിയാറാമത് റിപ്പോർട്ട്

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (സമിതി (1992-1994)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച്) ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

പതിമൂന്നാം കേരള നിയമസഭ

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

**മുപ്പത്തിയാറാമത് റിപ്പോർട്ട്**

(2016 ഫെബ്രുവരി 24-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)യുടെ അഞ്ചാമത് റിപ്പോർട്ടിലെ (സമിതി (1992-1994) യുടെ ഒന്നാമത് റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച്)ശിപാർശകളിന്മേൽ/ നിർദ്ദേശങ്ങളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച്]**

319/2016.

# ഉള്ളടക്കം

പേജ്

സമിതിയുടെ ഘടന .. v

മുഖവുര .. vii

അദ്ധ്യായം I : റിപ്പോർട്ട് .. 1

അദ്ധ്യായം II : സമിതിയുടെ ശിപാർശകൾ, അതിന്മേൽ വിവിധ വകുപ്പുകളിൽ നിന്നും ലഭിച്ചതും സമിതി അംഗീകരിച്ചതുമായ നടപടി സ്റ്റേറ്റ്മെന്റുകൾ എന്നിവ സംബന്ധിച്ച വിശദാംശം .. 2

# പരിസ്ഥിതി സംബന്ധിച്ച സമിതി
# (2014-2016)

## ഘടന

അദ്ധ്യക്ഷൻ :

ശ്രീ. സി. പി. മുഹമ്മദ്

അംഗങ്ങൾ :

ശ്രീ. റ്റി. എ. അഹമ്മദ് കബീർ

,, എ. എം. ആരിഫ്

,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. മുല്ലക്കര രത്നാകരൻ

,, കെ. എം. ഷാജി

,, എം. വി. ശ്രേയാംസ് കുമാർ

,, പി. സി. വിഷ്ണുനാഥ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

,, റ്റി. മനോഹരൻ നായർ, ജോയിന്റ് സെക്രട്ടറി

,, രാജു, കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

,, ആർ. മോഹനദാസ്, അണ്ടർ സെക്രട്ടറി.

# മുഖവുര

പരിസ്ഥിതി സംബന്ധിച്ച സമിതി (2014-2016)യുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ മുപ്പത്തിയാറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

2016 ഫെബ്രുവരി മാസം 18-ാം തീയതി കൂടിയ സമിതിയോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

സി. പി. മുഹമ്മദ്,
*അദ്ധ്യക്ഷൻ,*
*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2016 ഫെബ്രുവരി 18.

# റിപ്പോർട്ട്

## അദ്ധ്യായം1

പന്ത്രണ്ടാം കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009)യുടെ അഞ്ചാമത് റിപ്പോർട്ട്, [സമിതി (1992-1994)യുടെ ഒന്നാമത് റിപ്പോർട്ടിലെ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച ശിപാർശകളിന്മേലുള്ള നടപടികൾ സംബന്ധിച്ച റിപ്പോർട്ട്] 2008 ജൂലൈ 23-ാം തീയതി സഭയിൽ സമർപ്പിക്കുകയുണ്ടായി. കേരളത്തിലെ ഏറ്റവും വലിയ ശുദ്ധജല തടാകമായ ശാസ്താംകോട്ട തടാകത്തിലെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്നതിനും അതിലൂടെ ഒരു പ്രദേശത്തിന്റെ പാരിസ്ഥിതിക സന്തുലിതാവസ്ഥ നിലനിർത്തുന്നതിനും ജലമലിനീകരണം തടയുന്നതിനും അനധികൃത കയ്യേറ്റങ്ങൾ നിയന്ത്രിക്കുന്നതിനും ജലാശയത്തിന് ചുറ്റുമുള്ള പച്ചപ്പ് കാത്തുസൂക്ഷിക്കുന്നതിനുമുള്ള നടപടികൾ അത്യന്താപേക്ഷിതമാണെന്ന് സമിതിക്ക് ബോദ്ധ്യമായതിന്റെ അടിസ്ഥാനത്തിൽ ഇതു സംബന്ധിച്ച 17 ശിപാർശകളാണ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരുന്നത്.

2. റിപ്പോർട്ടിലൂടെ സമിതി നൽകിയ ശിപാർശകളിന്മേൽ അനന്തര നടപടികൾ സ്വീകരിക്കുന്നതിലേക്കായി റിപ്പോർട്ടിന്റെ അച്ചടിച്ച പ്രതി 27-11-2008-ൽ ബന്ധപ്പെട്ട വകുപ്പുകൾക്ക് അയച്ചുകൊടുക്കുകയുണ്ടായി. റിപ്പോർട്ടിലെ ശിപാർശകളിന്മേൽ റവന്യൂ, ജലവിഭവം, തദ്ദേശസ്വയംഭരണം, പരിസ്ഥിതി, വനം-വന്യജീവി, കൃഷി, ആഭ്യന്തരം, വ്യവസായം എന്നീ വകുപ്പുകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച പത്രികകൾ സമിതിക്ക് ലഭ്യമാക്കിയതിനെ തുടർന്ന് വിവിധ ദിവസങ്ങളിൽ കൂടിയ സമിതിയോഗങ്ങൾ അവ വിശദമായി പരിശോധിക്കുകയും അംഗീകരിക്കുകയും ചെയ്തു.

3. റിപ്പോർട്ടിലെ ശിപാർശകൾ, സമിതി ആരാഞ്ഞ അധികവിവരം, അവയിന്മേൽ വിവിധ വകുപ്പുകൾ ലഭ്യമാക്കിയതും സമിതി അംഗീകരിച്ചതുമായ നടപടി പത്രികകൾ എന്നിവ ഈ റിപ്പോർട്ടിന്റെ രണ്ടാം അദ്ധ്യായത്തിൽ ചേർത്തിരിക്കുന്നു.

4. സംസ്ഥാനത്ത് ജൈവകാർഷിക നയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകിക്കൊണ്ട് കൃഷി (എൻ.സി.എ.) വകുപ്പ് പുറപ്പെടുവിച്ച 28-7-2015-ലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 128/2015/കൃഷി സർക്കാർ ഉത്തരവ് ഈ റിപ്പോർട്ടിന്റെ അനുബന്ധമായി ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

# സമിതിയുടെ ശിപാർശകളും അതിന്മേൽ വിവിധ വകുപ്പുകൾ സ്വീകരിച്ച നടപടികളും സംബന്ധിച്ച വിശദാംശം

### ശിപാർശ നമ്പർ 1

നീർത്തട സംരക്ഷണത്തിനായി സർക്കാർ ഇതുവരെയായി കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടുണ്ടെങ്കിലും സംസ്ഥാനത്തെ നീർത്തടങ്ങൾ അവയുടെ സംരക്ഷണ പ്രവർത്തനങ്ങൾക്കായി ചെലവാക്കിയെന്ന് പറയുന്ന തുകയ്ക്കനുസൃതമായ പുരോഗതിയോ വികസനമോ കൈവരിച്ചതായി കാണുന്നില്ല. നീർത്തടങ്ങളുടെ നശീകരണവും മലിനീകരണവും ഇപ്പോഴും നിർബാധം തുടരുന്ന അവസ്ഥാവിശേഷമാണുള്ളത്. ആയതിനാൽ, കേരളത്തിലെ നീർത്തടങ്ങളുടെ സംരക്ഷണ വികസന പ്രവർത്തനങ്ങൾ ക്കായി ചെലവഴിച്ച തുക സംബന്ധിച്ച് ഓഡിറ്റ് നടത്തണമെന്നും പ്രസ്തുത തുക ചെലവഴിച്ചത് സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള ക്രമക്കേട് നടന്നിട്ടുണ്ടെങ്കിൽ അതിന് കാരണക്കാരായവർക്കെതിരെ നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

### സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (എം.ഐ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 17667/എം.ഐ I/2015/ജവിവ. തീയതി 18-8-2015)

കേരളത്തിലെ പ്രധാനപ്പെട്ട മൂന്ന് തണ്ണീർത്തടങ്ങളായ ശാസ്താംകോട്ട, അഷ്ടമുടി കായൽ, വേമ്പനാട് കായൽ, തുടങ്ങിയവ ഉൾപ്പെടെയുള്ള തണ്ണീർത്തടങ്ങളുടെ സംരക്ഷണ വികസന പ്രവർത്തനങ്ങൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കി വരുന്നു. ഇതിനായി ജലസേചന വകുപ്പിന് പ്രത്യേക ഫണ്ട് അനുവദിച്ചിട്ടില്ല. ഇതിനുപുറമെ വിവിധ വകുപ്പുകൾ മുഖേനയും നീർത്തട സംരക്ഷണ പ്രവൃത്തികൾ നിർവ്വഹിച്ചുവരുന്നു. എന്നാൽ നഗരവൽക്കരണം, ജനസംഖ്യയിലുണ്ടായ വർദ്ധന, ഗതാഗത സൗകര്യങ്ങളിലുണ്ടായ വർദ്ധന തുടങ്ങിയവ കാരണം പ്രത്യേകിച്ച് തണ്ണീർത്തടങ്ങളുടെ മലിനീകരണവും നശീകരണവും പൂർണ്ണമായും തടയുന്നതിന് കഴിഞ്ഞിട്ടില്ല. ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടുകൂടിയ പ്രവർത്തനം അനിവാര്യമാണ്. തണ്ണീർത്തടങ്ങളുടെ വികസന സംരക്ഷണത്തിനായി ജലസേചന വകുപ്പ് മുഖേന ചെലവഴിച്ചിട്ടുള്ള തുകയുടെ രേഖകൾ വാർഷിക ഓഡിറ്റിന്റെ ഭാഗമായി അക്കൗണ്ടന്റ് ജനറൽ ഓഫീസ് അധികാരികൾ പരിശോധിക്കുന്നുണ്ട്. ഇതുവരെ നടത്തിയ പരിശോധനയിൽ തണ്ണീർത്തടങ്ങളുടെ വികസനവുമായി ബന്ധപ്പെട്ട് ചെലവഴിച്ച തുകയിൽ ക്രമക്കേടുകൾ ഉള്ളതായി അക്കൗണ്ടന്റ് ജനറൽ ഓഫീസ് ചൂണ്ടിക്കാട്ടിയിട്ടില്ല.

(19-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 2

ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി പ്രത്യേക വകുപ്പോ സംവിധാനമോ ഇല്ലാത്തതിനാൽ വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് ഏകീകരണം സാദ്ധ്യമാകുന്നില്ല. ആയതിനാൽ ഗവൺമെന്റിന്റെ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിന് ഈ പ്രദേശത്തെ പരിസ്ഥിതി പ്രവർത്തകർ കൂടി അംഗങ്ങളായുള്ള സ്റ്റാറ്റ്യൂട്ടറി അധികാരമുള്ള ഒരു സ്ഥിരം സമിതി രൂപീകരിക്കണമെന്നും ഈ വിദഗ്ദ്ധ സമിതി കേന്ദ്ര ഗവൺമെന്റിന്റെയും വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഉൾപ്പെടെ തടാക സംരക്ഷണ പദ്ധതികൾ ഏകോപിപ്പിച്ച് നടപ്പാക്കുന്നതിനുള്ള ഏജൻസിയായി പ്രവർത്തിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ഐ.ആർ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 7621/ഐ.ആർ3/2011/ജവിവ. തീയതി 29-7-2011)

ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ശാസ്താംകോട്ട ലേക്ക് കൺസർവേഷൻ സൊസൈറ്റി ജി.ഒ.(ആർറ്റി.) നമ്പർ 35/2010/WRD തീയതി 11-1-2010-ലെ ഉത്തരവ് പ്രകാരം രൂപീകൃതമായിട്ടുണ്ട്.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 3

ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ തൊട്ടടുത്തു കിടക്കുന്ന താഴ്ന്നപ്രദേശമായ പടിഞ്ഞാറെ കല്ലടയിലെ ചെളിയൂറ്റും മണൽ ഖനനവും തടാകത്തിന്റെ നിലനില്പിനെ അതീവ ഗുരുതരമായാണ് ബാധിക്കുന്നത്. ഇവിടുത്തെ വിശാലമായ നെൽപ്പാടങ്ങൾ മണൽ ഖനനംമൂലം തറനിരപ്പിൽ നിന്ന് 25 മീറ്ററിലധികം താഴ്ചയുള്ള വെള്ളക്കെട്ടുകളായി മാറിയിട്ടുള്ളത് നേരിട്ടുകണ്ട സമിതി, ഈ പ്രക്രിയ ഇനിയും തുടർന്നാൽ വളരെ അപകടകരമായ പരിസ്ഥിതി പ്രശ്നങ്ങൾ ഈ പ്രദേശത്ത് സംജാതമാകാനിടയാകുമെന്നും ആയതിനാൽ, പടിഞ്ഞാറെ കല്ലടയിൽ മണലൂറ്റ് പൂർണ്ണമായും നിരോധിക്കണമെന്നും തടാകത്തിന്റെ നിലനിൽപ്പ് കണക്കിലെടുത്ത് ഒരു കിലോമീറ്റർ ചുറ്റളവിലുള്ള പ്രദേശത്ത് ഭൂവിനിയോഗം പൂർണ്ണമായും നിയമ വിധേയമാക്കണമെന്നും ഇതു പാലിക്കാത്തവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കണമെന്നും ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 59166/ആർ.സി3/2014/ത.സ്വ.ഭ.വ. തീയതി 10-11-2014)

ശാസ്താംകോട്ട ശുദ്ധജല തടാക സംരക്ഷണാർത്ഥം ടി തടാകത്തിനുചുറ്റുമുള്ള പടിഞ്ഞാറെ കല്ലട വില്ലേജ്, മൈനാഗപ്പള്ളി വില്ലേജ്, ശാസ്താംകോട്ട പഞ്ചായത്തിലെ V, VII, VIII, IX, XI, XVIII എന്നീ വാർഡുകൾ ഉൾപ്പെടുന്ന എല്ലാ അനധികൃത മണലൂറ്റും ഖനന പ്രവൃത്തികളും ചെളി എടുപ്പും പൂർണ്ണമായും നിരോധിച്ചിട്ടുള്ളതും ആയത് ഓരോ രണ്ടുമാസം കൂടുമ്പോഴും പുതുക്കി ഉത്തരവ് പുറപ്പെടുവിച്ച് കൊണ്ടിരിക്കുന്നതുമാണ്. ആയതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെ റവന്യൂ, പോലീസ്, പഞ്ചായത്ത്, ജിയോളജി, മലിനീകരണനിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾ കർശന നടപടികൾ നിയമാനുസൃതം സ്വീകരിച്ചിട്ടുണ്ടെന്നുള്ള വിവരം സമിതിയെ അറിയിക്കുന്നു.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 74425/പി3/2008/റവന്യൂ തീയതി 17-3-2014)

നദികളിൽ നിന്നും ശുദ്ധമായ തടാകങ്ങളിൽ നിന്നും അനിയന്ത്രിതമായ മണൽ/ചെളി ഖനനം നടത്തുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആവാസ വ്യവസ്ഥ തകിടം മറിക്കുകയും ഭൂഗർഭ ജലവിതാനം ക്രമാതീതമായി താണുപോകാനും കുടിവെള്ള ക്ഷാമത്തിന് കാരണമാവുകയും ചെയ്യും. ഇത് തടയുന്നതിന് നിലവിലുള്ള നിയമം കർശനമാക്കുകയും ആയത് കൃത്യതയോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിന് നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട വില്ലേജിൽ നിന്നുള്ള ചെളിയൂറ്റൽ ശാസ്താംകോട്ട കായലിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ കായലിലെ ജീവജാലങ്ങളുടെ വംശനാശത്തിന് ഇടവരുത്തുകയും ചെയ്യും. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ 46-ഓളം ഇഷ്ടിക കളങ്ങൾ പടിഞ്ഞാറെ കല്ലട വില്ലേജിൽ നിലനിൽക്കുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ ചെളി അനധികൃതമായി ഖനനം ചെയ്തെടുക്കുന്നതായി കാണുന്നുവെങ്കിലും തൊഴിൽ പ്രശ്നം കൂടി നിലനിൽക്കുന്നതിനാൽ ടി പ്രവർത്തനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അനധികൃത മണൽ/ചെളി ഖനനം തടയുന്നതിനായി നിലവിലുള്ള സ്ക്വാഡുകൾക്ക് പുറമെ രാഷ്ട്രീയ കക്ഷികളുടെയും പഞ്ചായത്ത് അധികാരികളുടെയും പൊതുജനങ്ങളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. പടിഞ്ഞാറെ കല്ലട വില്ലേജിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ

പരിഗണിച്ച് ശാസ്താംകോട്ട കായലിന് സമീപം വരുന്ന വില്ലേജുകളിൽ മണൽ/ചെളി ഖനനം പൂർണ്ണമായി നിരോധിക്കേണ്ടതുണ്ട്. മേൽ വിവരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സവിനയം സമിതി മുമ്പാകെ ബോധിപ്പിച്ചു കൊള്ളുന്നു.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 4

ശാസ്താംകോട്ട ശുദ്ധജലതടാകത്തിലേക്ക് സമീപസ്ഥ ഭൂവുടമകൾ അനധികൃതമായ കയ്യേറ്റം നടത്തുന്നത് അടുത്തകാലത്തായി വർദ്ധിച്ചിട്ടുണ്ട്. തടാകവും തീരപ്രദേശങ്ങളും അളന്ന് തിട്ടപ്പെടുത്തി അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും തടാകത്തിന്റെ നഷ്ടപ്പെട്ട വിസ്തൃതി വീണ്ടെടുക്കുകയും ചെയ്യുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

## (എ) റവന്യൂ (യു) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 50343/യു2/2015/റവന്യൂ തീയതി 11-8-2015)

കൊല്ലം ജില്ലയിൽ കുന്നത്തൂർ താലൂക്കിൽ ശാസ്താംകോട്ട ശുദ്ധജല തടാകം സംബന്ധിച്ച് നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി (2006-2009) സമർപ്പിച്ച 5-ാമത് റിപ്പോർട്ടിലെ 4-ാം ഖണ്ഡിക ശിപാർശയിന്മേൽ സ്വീകരിച്ച നടപടികൾ കൊല്ലം ജില്ലാ കളക്ടർ ലഭ്യമാക്കിയിട്ടുണ്ട്. ശാസ്താംകോട്ട കായലിലെ അനധികൃത കയ്യേറ്റങ്ങൾ തിട്ടപ്പെടുത്തുന്നതിനായി 2009-ൽ കായൽ പുറമ്പോക്ക് സർവ്വേ ചെയ്തിരുന്നു. മുപ്പത്തേഴോളം കുടുംബങ്ങൾ തടാക അതിർത്തിക്കുള്ളിൽ താമസിക്കുന്നതായും ഇതുൾപ്പെടെ അറുപതോളം കയ്യേറ്റങ്ങൾ കായൽ പുറമ്പോക്കിൽ നടന്നിട്ടുള്ളതായും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇതിൽ റീ സർവ്വേക്ക് മുൻപ് പട്ടയം കിട്ടിയവരും പട്ടയം കിട്ടിയവരിൽ നിന്നും വിലയ്ക്ക് വാങ്ങി താമസിക്കുന്നവരും യാതൊരു കൈവശരേഖയുമില്ലാതെ കായൽ പുറമ്പോക്ക് അനധികൃതമായി കയ്യേറി താമസിക്കുന്നവരും ഉൾപ്പെടുന്നു. സർവേയർമാർ ഉൾപ്പെടുന്ന ടീം കായൽ പുറമ്പോക്കിന്റെ അതിർത്തി പൂർണ്ണമായും നിർണ്ണയിച്ചിട്ടുള്ളതും പുറമ്പോക്ക് കയ്യേറിയവരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളതുമാണ്. എന്നാൽ കയ്യേറ്റ ഭൂമിയുടെ വിസ്തീർണ്ണം കൃത്യമായി കണക്കാക്കിയിട്ടില്ല. കായൽ പുറമ്പോക്ക് ഭൂമി അടയാളപ്പെടുത്തി വാട്ടർ അതോറിറ്റി മുഖാന്തിരം കല്ലിടുന്ന നടപടി സ്വീകരിച്ചിരുന്നതും എന്നാൽ കൈവശക്കാരുമായി ഉണ്ടായ തർക്കത്തെ തുടർന്ന് 77 കല്ലുകൾ ഇടുന്നതിന് സാധിക്കാതെ വന്നിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട് ബഹു. മുഖ്യമന്ത്രിയുടെ കായൽ സന്ദർശനത്തോട് അനുബന്ധിച്ച തുടർ നടപടികളുടെ ഭാഗമായി കായൽ പുറമ്പോക്കിൽ താമസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിന് തീരുമാനം എടുക്കുകയും 19-7-2014-ൽ ജില്ലാ കളക്ടറുടെ കാര്യാലയത്തിൽ വച്ച്

ഇതു സംബന്ധിച്ച് യോഗം നടത്തിയിരുന്നു. പ്രസ്തുത യോഗത്തിൽ, കായൽ സർവ്വേ ചെയ്തതിൽ അപാകതയുണ്ടെന്നും തങ്ങളെ പുനരധിവസിപ്പിക്കുന്നതിനും കുടുംബത്തിലെ ഒരാൾക്ക് സർക്കാർ ജോലി ലഭിക്കണമെന്നും കൈവശക്കാർ ആവശ്യപ്പെട്ടിട്ടുള്ളതായി ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ശാസ്താംകോട്ട കായലിന്റെ മണ്ണൊലിപ്പും മറ്റും തടയുന്നതിന് വിവിധ വകുപ്പുകൾ ഏകോപിപ്പിച്ച് നടപടികൾ സ്വീകരിച്ചു വരുന്നതായും തടാക വൃഷ്ടിപ്രദേശം സംരക്ഷിക്കുന്നതിനും മണ്ണൊലിപ്പ് തടയുന്നതിനുമായി 7500 മീറ്റർ വിസ്തൃതിയിൽ 500 മീറ്റർ നീളത്തിൽ കായൽ ഭൂവസ്ത്രം വിരിച്ചിട്ടുള്ളതും 402 വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചിട്ടുള്ളതുമാണ്. ശാസ്താംകോട്ട കായലിന്റെ ജൈവവൈവിധ്യ പുനരുദ്ധാരണവും സംരക്ഷണവും സംബന്ധിച്ച് ജൈവ വൈവിധ്യ പരിപാലന സമിതി രൂപീകരിച്ചിട്ടുള്ളതാണ്. ശാസ്താംകോട്ട തടാക സംരക്ഷണാർത്ഥം ഒരു അതോറിറ്റി രൂപീകരിക്കുന്നത് പരിഗണനയിലാണെന്ന വിവരവും ബഹു. നിയമസഭാ സമിതിയെ അറിയിക്കുവാൻ താല്പര്യപ്പെടുന്നു.

(12-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2414/എ 2/2014/പരി. തീയതി 27-9-2014)

ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ അനധികൃത കയ്യേറ്റങ്ങൾ ഒഴിപ്പിക്കണമെന്ന ശിപാർശയിൽ നടപടി സ്വീകരിക്കേണ്ടത്, റവന്യൂ വകുപ്പധികാരികളാണ്. വനം പരിസ്ഥിതി വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ 8-7-2014-ൽ ചേർന്ന ശാസ്താംകോട്ട തടാക സംരക്ഷണവുമായി ബന്ധപ്പെട്ട യോഗത്തിൽ ടി വിഷയം ജനപ്രതിനിധികൾ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ അടിസ്ഥാനത്തിൽ തടാകത്തിന്റെ ആവാഹന പ്രദേശത്തിന്റെ കൃത്യമായ അതിർത്തി നിർണ്ണയിച്ച് കല്ലുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് കുന്നത്തൂർ തഹസിൽദാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിരുന്നു. തടാക സംരക്ഷണവുമായി ബന്ധപ്പെട്ട് ബഹു. മുഖ്യമന്ത്രി 21-7-2014-ൽ അവലോകന യോഗം വിളിക്കുകയും വിവിധ വകുപ്പുകളുടെ ആഭിമുഖ്യത്തിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുവാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 5</u>

കൊല്ലം ജില്ലയിലെ എല്ലാ താലൂക്കുകളിലും മണൽ ഖനനം സംബന്ധിച്ച പ്രശ്നങ്ങൾ നിലവിലുള്ളതിനാൽ, അനധികൃത മണലൂറ്റ്/മണൽ ഖനനം പൂർണ്ണമായി നിരോധിക്കുന്നതിനും ജില്ലാ കളക്ടറും എസ്. ഐ.യും മറ്റു ബന്ധപ്പെട്ട ഉദ്യോഗസ്ഥരും യോജിച്ച് ഇരുപത്തിനാല് മണിക്കൂർ സേവനം ലഭ്യമാക്കുമെന്നുറപ്പുവരുത്തണമെന്നും നിലവിലുള്ള

സ്ക്വാഡിന്റെ നേതൃത്വം സബ് ഡിവിഷണൽ മജിസ്ട്രേറ്റിന്റെ അധികാരമുള്ള ഒരു ഉദ്യോഗസ്ഥൻ ഏറ്റെടുത്ത് പ്രവർത്തിക്കുകയും ചെക്ക് പോസ്റ്റുകൾ ശക്തമാക്കുകയും ചെയ്യണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**(എ) ആഭ്യന്തര (ഡി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 91046/ഡി2/08/ആഭ്യ. തീയതി 29-12-2009)

അനധികൃത മണലൂറ്റ്, മണൽ ഖനനം നിയന്ത്രിക്കുന്നത് സംബന്ധിച്ച് പരിസ്ഥിതി സമിതിയുടെ ശിപാർശയിന്മേൽ ജില്ലയിൽ കർശനമായ നടപടികൾ സ്വീകരിച്ച് വരുന്നതാണെന്നും ശാസ്താംകോട്ട, പടിഞ്ഞാറേ കല്ലട പഞ്ചായത്തിലെ വേലൂരം വ്യാപകമായി നടന്നു വരുന്ന അനധികൃത മണൽ ഖനനത്തിനെതിരെ ശക്തമായ റെയ്ഡുകളും പട്രോളിംഗും നടത്തി വരുന്നതുമൂലം ഇത്തരം നടപടികൾ വളരെ കുറവായിട്ടുണ്ടെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു.

ശാസ്താംകോട്ട പോലീസ് സ്റ്റേഷനിൽ 2008-ൽ 126 കേസുകളും, 2009-ൽ 88 കേസുകളും, ചാത്തന്നൂർ സർക്കിളിൽ 2009-ൽ 224 കേസുകളും, പരവൂർ സർക്കിളിൽ 57 കേസുകളും, കുണ്ടറ സർക്കിളിൽ 104 കേസുകളും രജിസ്റ്റർ ചെയ്ത് നടപടി സ്വീകരിച്ചിട്ടുണ്ട്. അനധികൃത മണൽ കയറ്റിക്കൊണ്ട് പോയ 15 ലോറികൾ KAAPA 17(III) പ്രകാരം കണ്ടുകെട്ടുന്നതിന് നടപടി സ്വീകരിച്ചിട്ടുള്ളതും ചാത്തന്നൂർ, പരവൂർ, കുണ്ടറ എന്നീ മേഖലകളിൽ നിന്ന് നിരവധി മോട്ടോറുകളും വാഹനങ്ങളും മൺകൂനകളും കസ്റ്റഡിയിൽ എടുത്ത് കേസ് രജിസ്റ്റർ ചെയ്യുകയും റവന്യൂ വകുപ്പിന് കൈമാറി യിട്ടുള്ളതുമാണ്.

അനധികൃത ഖനനം അവസാനിപ്പിക്കുന്നതിനായി ഇത്തരക്കാരെ ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെടുത്തുന്നതിനും നടപടി സ്വീകരിച്ചിട്ടുള്ളതാണ് കല്ലടയാറ്റിലും ഇത്തിക്കരയാറ്റിലും പരവൂർ കായലിലും നിലവിൽ ശക്തമായ പോലീസ് ബോട്ട് പട്രോളിംഗ് നടത്തി വരുന്നുണ്ട്.

ജില്ലയുടെ കിഴക്കൻ മേഖലകളിൽ കല്ലടയാറ്റിൽ വ്യാപകമായി അനധികൃത മണൽ ഖനനം ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതും ആയത് തടയുന്നതിന് ശക്തമായ നടപടികൾ റവന്യൂ വകുപ്പും പോലീസ് വകുപ്പും സംയുക്തമായി ചെയ്തു വരുന്നു. ഈ മേഖലയിൽ നിന്നും നിരവധി വള്ളങ്ങളും വാഹനങ്ങളും ഇത്തരത്തിൽ പിടിച്ചെടുത്തിട്ടുണ്ട്. കേരള റിവർ ബാങ്ക് പ്രൊട്ടക്ഷൻ ആന്റ് സാന്റ് മൈനിംഗ് ആക്ട് 2001 പ്രകാരവും മറ്റ് വകുപ്പുകൾ പ്രകാരവും 2009-ൽ 135 കേസുകൾ ജില്ലയിലെ കിഴക്കൻ മേഖലകളിൽ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്ത് മേൽനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ജില്ലയിലെ മുഴുവൻ പോലീസ് ഓഫീസർമാർക്കും ഇക്കാര്യത്തിൽ കർശനമായ നിർദ്ദേശം നൽകിയിട്ടുള്ളതും നടപടിയുടെ ഫലമായി അനധികൃത മണൽ ഖനനം/മണലൂറ്റ്, ചെളിയെടുപ്പ് എന്നിവ ഒരു പരിധിവരെ തടയാൻ കഴിഞ്ഞിട്ടുണ്ടെന്നുമുള്ള വിവരം അറിയിച്ചുകൊള്ളുന്നു.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) റവന്യൂ (പി) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 74425/പി3/08/റവന്യൂ. തീയതി 17-3-2014)

നദികളിൽ നിന്നും ശുദ്ധമായ തടാകങ്ങളിൽ നിന്നും അനിയന്ത്രിതമായ മണൽ/ചെളി ഖനനം നടത്തുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആവാസ വ്യവസ്ഥ തകിടം മറിക്കുകയും ഭൂഗർഭ ജലവിതാനം ക്രമാതീതമായി താണുപോകാനും കുടിവെള്ള ക്ഷാമത്തിന് കാരണമാവുകയും ചെയ്യും. ഇത് തടയുന്നതിന് നിലവിലുള്ള നിയമം കർശനമാക്കുകയും ആയത് കൃത്യതയോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിന് നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിച്ചു വരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട വില്ലേജിൽ നിന്നുള്ള ചെളിയൂറ്റൽ ശാസ്താംകോട്ട കായലിന്റെ നിലനിൽപ്പിനെ തന്നെ ബാധിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ കായലിലെ ജീവജാലങ്ങളുടെ വംശനാശത്തിന് ഇടവരുത്തുകയും ചെയ്യും. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ 46-ഓളം ഇഷ്ടിക കളങ്ങൾ പടിഞ്ഞാറേ കല്ലട വില്ലേജിൽ നിലനിൽക്കുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ ചെളി അനധികൃതമായി ഖനനം ചെയ്തെടുക്കുന്നതായി കാണുന്നുവെങ്കിലും തൊഴിൽ പ്രശ്നം കൂടി നിലനിൽക്കുന്നതിനാൽ ടി പ്രവർത്തനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അനധികൃത മണൽ/ചെളി ഖനനം തടയുന്നതിനായി നിലവിലുള്ള സ്ക്വാഡുകൾക്ക് പുറമെ രാഷ്ട്രീയ കക്ഷികളുടെയും പഞ്ചായത്ത് അധികാരികളുടെയും പൊതുജനങ്ങളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. പടിഞ്ഞാറെ കല്ലട വില്ലേജിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് ശാസ്താംകോട്ട കായലിന് സമീപം വരുന്ന വില്ലേജുകളിൽ മണൽ/ചെളി ഖനനം പൂർണ്ണമായി നിരോധിക്കേണ്ടതുണ്ട്. മേൽ വിവരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സവിനയം സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

### ശിപാർശ നമ്പർ 6

ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നത് വളരെ ഗൗരവതരമായ കുറ്റകൃത്യമായി കണക്കാക്കി അത്തരം സാമൂഹ്യദ്രോഹപരമായ പ്രവൃത്തികൾ ചെയ്യുന്നവർക്കെതിരെ കർക്കശമായ നടപടി സ്വീകരിക്കുന്നതിനാവശ്യമായ നിയമനിർമ്മാണം നടത്തണമെന്നും തടാകങ്ങളും നദികളും പുഴകളും കായലുകളുമുള്ള കേരളത്തിലെ പ്രദേശങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി അവയുടെ മലിനീകരണം ഫലപ്രദമായി തടയുന്നതിനുവേണ്ട നിയമ നിർമ്മാണം നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

## (എ) പരിസ്ഥിതി (എ) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 2414/എ 2/14/പരി. തീയതി 27-9-2014)

ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ നിക്ഷേപിക്കുന്നത് കൊഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായ കുറ്റമായും ഇത്തരം കുറ്റം ചെയ്യുന്നവർക്കുള്ള പിഴ പതിനായിരം മുതൽ ഇരുപതിനായിരം രൂപ വരെയും ആറ് മാസം മുതൽ ഒരു വർഷം വരെ തടവുശിക്ഷ നൽകാനും മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോകുന്നതിന് ഉപയോഗിച്ച വാഹനം പിടിച്ചെടുക്കാനും കണ്ടുകെട്ടാനുമുള്ള നിയമഭേദഗതി മുനിസിപ്പാലിറ്റീസ് ആക്ടിലും പഞ്ചായത്ത് രാജ് ആക്ടിലും വരുത്തി സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

സംസ്ഥാനത്തെ നദികൾ, തടാകങ്ങൾ, കായലുകൾ മുതലായവയിൽ സംസ്ഥാന മലിനീകരണനിയന്ത്രണ ബോർഡിന്റെ ആഭിമുഖ്യത്തിൽ മോണിറ്ററിംഗ് സ്റ്റേഷനുകൾ ഏർപ്പെടുത്തി എല്ലാ മാസവും ജലഗുണനിലവാരം പരിശോധിക്കുകയും വേണ്ട നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും ബോർഡ് ക്രോഡീകരിച്ച ഗുണനിലവാര വിവരങ്ങൾ Water And Air Quality Directory ആയി പ്രസിദ്ധീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ നദീജലഗുണനിലവാരം പരിശോധിച്ചതിൽ നിന്ന് സംസ്ഥാനത്തെ നദികളിലെ ചില പ്രദേശങ്ങൾ ഗാർഹിക മാലിന്യങ്ങൾമൂലം മലിനീകരിക്കപ്പെടുന്നതായി വ്യക്തമാകുന്നുണ്ട്. നദികളുടെ സമീപമുള്ള വീടുകളിൽ നിന്നും മറ്റും നേരിട്ട് നദികളിലേക്ക് ദ്രവ മാലിന്യം എത്തിച്ചേരുന്നതും നഗരങ്ങളിലെ ഹോട്ടലുകൾ, കച്ചവട സ്ഥാപനങ്ങൾ തുടങ്ങിയവയിലെ മാലിന്യങ്ങൾ ഓടകളിലൂടെ എത്തിച്ചേരുന്നതുമാണ് ജലാശയങ്ങൾ മലിനപ്പെടുന്നതിന് പ്രധാന കാരണം. ഖര-ദ്രവ മാലിന്യങ്ങൾ ശേഖരിച്ച് സംസ്കരിക്കുന്നതിന് സംസ്ഥാനത്തുടനീളമുള്ള സൗകര്യങ്ങളുടെ അപര്യാപ്തതയാണ് ഇതിലേക്ക് വിരൽ ചൂണ്ടുന്നത്. ഇതിനായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടതായ നടപടികൾ കൈക്കൊണ്ടാൽ മാത്രമേ ജലാശയങ്ങൾ മലിനീകരിക്കപ്പെടുന്നതിന് പരിഹാരമാവുകയുള്ളൂ. സംസ്ഥാനത്തെ പ്രമുഖ വ്യവസായശാലകൾ പെരിയാർ നദിക്കരയിലാണ്. നദിയിലെ മലിനീകരണം തടയുന്നതിനായി പെരിയാർ നദിയുടെ തീരങ്ങളിൽ ഏലൂർ, എടയാർ മേഖലകളിൽ വിവിധ സ്ഥലങ്ങളിൽ ബോർഡിന്റെ നേതൃത്വത്തിൽ സർവ്വയലൻസ് ക്യാമറകൾ സ്ഥാപിച്ച് നിരീക്ഷിച്ച് വരുന്നു.

ശാസ്താംകോട്ട തടാകവും പരിസരവും സംരക്ഷിത മേഖലയായി പ്രഖ്യാപിച്ച് നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി തടാകത്തിലും വൃഷ്ടിപ്രദേശത്ത് നിശ്ചിതദൂരം വരെയും മലിനീകരണമുണ്ടാക്കുന്ന പ്രവൃത്തികൾ നിരോധിച്ചുകൊണ്ട് 9-6-2010-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാർ നിർദ്ദേശിച്ചതനുസരിച്ച് 15-11-2011-ൽ

പരിഷ്കരിച്ച് പുറപ്പെടുവിച്ച വിജ്ഞാപനപ്രകാരം ശാസ്താംകോട്ട തടാകത്തിലും പരിസരപ്രദേശത്തും നിരോധിച്ച പ്രവൃത്തികൾ താഴെപ്പറയുന്നവയാണ്:

| | |
|---|---|
| * | കായലിൽ കുളിക്കുന്നതും, വസ്ത്രം നനയ്ക്കുന്നതും, വാഹനം കഴുകുന്നതും, മൃഗങ്ങളെ കുളിപ്പിക്കുന്നതും |
| * | ഹോട്ടലുകൾ, വ്യവസായശാലകൾ, വാണിജ്യസ്ഥാപനങ്ങൾ, ആശുപത്രികൾ എന്നിങ്ങനെ ഏതെങ്കിലും സ്ഥാപനത്തിൽ നിന്ന് ഓടകളിലൂടെയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ കായലിലേക്ക് പാഴ്ജലം ഒഴുക്കുന്നത്. |
| * | സ്വീവേജ് കായലിലേക്ക് നേരിട്ടോ ഓടകൾ വഴിയോ മറ്റ് മാർഗ്ഗങ്ങളിലൂടെയോ ഒഴുക്കുന്നത്. |
| * | തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ മണൽ, കളിമണ്ണ്, മണ്ണ് എന്നിവയുടെ ഖനനം. |
| * | തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ ലീച്ചേറ്റ് ഊർന്നിറങ്ങി കായലിൽ എത്തിച്ചേരുന്ന വിധത്തിലുള്ള പദാർത്ഥങ്ങൾ കൂട്ടിയിടുന്നത് |
| * | തോട്ട പൊട്ടിച്ചുള്ള മീൻ പിടുത്തം. |
| * | തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ സ്വീവേജ് നിർമ്മാണത്തിന് ഐ.എസ്.2470 പാർട്ട് 1 -1985-ൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള സെപ്റ്റിക് ടാങ്ക് സംവിധാനമില്ലാതെ കുഴി കക്കൂസുകൾ ഉപയോഗിക്കുന്നത്. |
| * | സെപ്റ്റിക് ടാങ്കിൽ നിന്നുള്ള മലിനജലം ശാസ്ത്രീയമായ രീതിയിലുള്ള സോക്പിറ്റ് വഴി അല്ലാതെ തടാകത്തിന്റെ അതിരിൽ നിന്നും 500 മീറ്റർ ചുറ്റളവിൽ നിർമ്മാർജ്ജനം ചെയ്യുന്നത്. |

ശാസ്താംകോട്ട കായലിന്റെ വൃഷ്ടിപ്രദേശത്ത് നിരോധിച്ചിട്ടുള്ള പ്രവർത്തനങ്ങൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി വിജ്ഞാപനത്തിൽ നിരോധിച്ചിട്ടുള്ള കാര്യങ്ങൾ പരാമർശിച്ചുകൊണ്ടുള്ള പരസ്യബോർഡുകൾ കായലിന്റെ ചുറ്റുവട്ടത്ത് പല ഭാഗങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. എല്ലാ മാസവും കായലിന്റെ ജലപരിശോധന നടത്തി വെള്ളത്തിന്റെ ഗുണനിലവാരം വിലയിരുത്തുന്നുണ്ട്.

കേരളത്തിലെ ജലസ്രോതസ്സുകളുടെ സമഗ്ര പാരിസ്ഥിതിക സംരക്ഷണവുമായി ബന്ധപ്പെട്ട് നിയമസഭാ പരിസ്ഥിതി സമിതിയുടെ റിപ്പോർട്ടുകളും വിദഗ്ദ്ധ സമിതികളുടെ ശിപാർശകളും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള കരട് സർക്കാർ ഉത്തരവ് മന്ത്രിസഭാ സമിതി മുമ്പാകെ പരിഗണിക്കുന്നതിലേക്ക് പരിസ്ഥിതി വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത കരട്

സർക്കാർ ഉത്തരവിന്മേൽ ധനകാര്യ-റവന്യൂ വകുപ്പുകളുടെ നിർദ്ദേശങ്ങൾ/അഭിപ്രായങ്ങൾ കൂടി ഉൾക്കൊള്ളിക്കുന്നതിനായി ടി വകുപ്പുകളോട് അഭിപ്രായം ആരായുകയുണ്ടായി. ധനകാര്യ-റവന്യൂ വകുപ്പുകളിൽ നിന്നും അഭിപ്രായം/നിർദ്ദേശങ്ങൾ ലഭ്യമാകുന്നമുറയ്ക്ക് സമഗ്ര പാരിസ്ഥിതിക സംരക്ഷണം ലക്ഷ്യമാക്കിക്കൊണ്ടുള്ള കരട് സർക്കാർ ഉത്തരവ് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ച് പ്രാബല്യത്തിൽ വരുത്തുന്നതാണ്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) തദ്ദേശസ്വയംഭരണ (ആർ.ഡി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 80524/ ആർ.ഡി1/08/തസ്വഭവ. തീയതി 27-1-2010)

ചവറോ മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ ജലാശയങ്ങളിലും ജലസ്രോതസ്സുകളിലും നിക്ഷേപിക്കുന്ന കുറ്റം കൊഗ്നൈസിബിളും ജാമ്യം ഇല്ലാത്തതുമായിരിക്കുമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും പ്രസ്തുത കുറ്റം ചെയ്യുന്ന ഏതൊരാൾക്കും പതിനായിരം രൂപയിൽ കുറയാതെയും ഇരുപത്തയ്യായിരം രൂപയിൽ കവിയാതെയുമുള്ള പിഴയും ആറ് മാസത്തിൽ കുറയാതെയും ഒരു വർഷത്തിൽ കവിയാതെയുമുള്ള കാലത്തേക്ക് തടവും നൽകി ശിക്ഷിക്കാമെന്ന് വ്യവസ്ഥ ചെയ്തുകൊണ്ടും മാലിന്യമോ വിസർജ്ജ്യ വസ്തുക്കളോ കൊണ്ടുപോയി ഇപ്രകാരം നിക്ഷേപിക്കുന്ന വാഹനങ്ങളെ തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ സെക്രട്ടറിക്കോ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ സബ് ഇൻസ്പെക്ടർ പദവിയിൽ കുറയാത്ത ഉദ്യോഗസ്ഥനോ പിടിച്ചെടുക്കാവുന്നതും നടപടി പൂർത്തിയാക്കി സബ്ഡിവിഷണൽ മജിസ്ട്രേറ്റ് മുൻപാകെ ഹാജരാക്കാവുന്നതും അതതു സംഗതിപോലെ വാഹനം കണ്ടുകെട്ടാവുന്നതോ വിട്ടുകൊടുക്കാവുന്നതോ ആണ്. കേരള മുനിസിപ്പാലിറ്റി ആക്ടും കേരള പഞ്ചായത്ത് രാജ് ആക്ടും 2009-ലെ 30, 31 ആക്ടുകൾ പ്രകാരം ഭേദഗതി ചെയ്തിട്ടുണ്ട്. ജലസ്രോതസ്സുകളെ മലിനപ്പെടുത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കാനാവശ്യമായ വ്യവസ്ഥകൾ കേരള പഞ്ചായത്ത് രാജ് ആക്ട് 219 എസ്, 219 റ്റി, 219 യു, കേരള മുനിസിപ്പാലിറ്റി ആക്ട് 340 എ, 340 ബി എന്നീ വകുപ്പുകളിൽ ചേർത്താണ് ആക്ട് ഭേദഗതി ചെയ്തിരിക്കുന്നത്.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 7</u>

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും റവന്യൂ വകുപ്പും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങൾ നിയമവിരുദ്ധമായി ഖനനം നടത്തുന്ന മാഫിയകളെ നിയന്ത്രിക്കുന്നതിന് പര്യാപ്തമല്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ റിവർ പ്രൊട്ടക്ഷൻ ആക്ടും ലാന്റ് യൂട്ടിലൈസേഷൻ ആക്ടും കാലോചിതമായി പരിഷ്കരിച്ച് കാര്യക്ഷമമായി നടപ്പാക്കണമെന്നും ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം മുൻനിർത്തി കല്ലടയാർ ഉൾപ്പെടെ കുന്നത്തൂർ താലൂക്കിലെ മണൽ ഖനനം പൂർണ്ണമായി നിരോധിക്കുന്നതിനുള്ള

നടപടി സ്വീകരിക്കണമെന്നും ഏതൊക്കെ നിയമങ്ങൾ ഉണ്ടോ അവയൊക്കെ ഉപയോഗിച്ച് മണൽ ഖനനം തടയണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**(എ) തദ്ദേശസ്വയംഭരണ (ആർ.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 59166/ആർ.സി3/14/തസ്വഭവ. തീയതി 10-11-2014)

നിലവിലുള്ള നിയമങ്ങളുടെയും ചട്ടങ്ങളുടെയും അടിസ്ഥാനത്തിൽ എല്ലാ അനധികൃത മണൽ ഖനനങ്ങളും നിരോധിച്ച് നിയമലംഘനം ഇല്ലെന്ന് ഉറപ്പ് വരുത്തിവരുന്നുണ്ടെന്ന് പഞ്ചായത്ത് ഡയറക്ടർ അറിയിച്ചിട്ടുണ്ട്.

(14-1-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

**(ബി) റവന്യൂ (പി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 74425/പി3/2008/റവന്യൂ തീയതി 17-3-2014)

നദികളിൽ നിന്നും ശുദ്ധമായ തടാകങ്ങളിൽ നിന്നും അനിയന്ത്രിതമായ മണൽ/ചെളി ഖനനം നടത്തുന്നത് ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുകയും ആവാസ വ്യവസ്ഥ തകിടം മറിക്കുകയും ഭൂഗർഭ ജലവിതാനം ക്രമാതീതമായി താണുപോകാനും കുടിവെള്ളക്ഷാമത്തിന് കാരണമാവുകയും ചെയ്യും. ഇത് തടയുന്നതിന് നിലവിലുള്ള നിയമം കർശനമാക്കുകയും ആയത് കൃത്യതയോടെ നടപ്പിൽ വരുത്തുകയും ചെയ്യുന്നതിന് നിലവിലുള്ള നിയമപ്രകാരം നടപടി സ്വീകരിച്ചുവരുന്നു. കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട വില്ലേജിൽ നിന്നുള്ള ചെളിയൂറ്റൽ ശാസ്താംകോട്ട കായലിന്റെ നിലനിൽപ്പിനെതന്നെ ബാധിക്കുന്നതാണ്. ഇത്തരം പ്രവൃത്തികൾ കായലിലെ ജീവജാലങ്ങളുടെ വംശനാശത്തിന് ഇടവരുത്തുകയും ചെയ്യും. ഗ്രാമപഞ്ചായത്തിന്റെ അനുമതിയോടെ 46-ഓളം ഇഷ്ടിക കളങ്ങൾ പടിഞ്ഞാറെ കല്ലട വില്ലേജിൽ നിലനിൽക്കുന്നു. ടി യൂണിറ്റുകൾക്കാവശ്യമായ ചെളി അനധികൃതമായി ഖനനം ചെയ്തെടുക്കുന്നതായി കാണുന്നുവെങ്കിലും തൊഴിൽപ്രശ്നം കൂടി നിലനിൽക്കുന്നതിനാൽ ടി പ്രവർത്തനം നടത്തുന്നവർക്കെതിരെ കർശന നടപടികൾ സ്വീകരിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. പ്രസ്തുത സാഹചര്യത്തിൽ അനധികൃത മണൽ/ചെളി ഖനനം തടയുന്നതിനായി നിലവിലുള്ള സ്ക്വാഡുകൾക്കു പുറമെ രാഷ്ട്രീയ കക്ഷികളുടെയും പഞ്ചായത്ത് അധികാരികളുടെയും പൊതുജനങ്ങളുടെയും സഹകരണം അത്യന്താപേക്ഷിതമാണ്. പടിഞ്ഞാറെ കല്ലട വില്ലേജിന്റെ പാരിസ്ഥിതിക പ്രത്യേകതകൾ പരിഗണിച്ച് ശാസ്താംകോട്ട കായലിനു സമീപം വരുന്ന വില്ലേജുകളിൽ മണൽ/ചെളി ഖനനം

പൂർണ്ണമായി നിരോധിക്കേണ്ടതുണ്ട്. മേൽ വിവരം ലാന്റ് റവന്യൂ കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം സവിനയം സമിതി മുമ്പാകെ ബോധിപ്പിച്ചുകൊള്ളുന്നു.

(14-5-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 8

തടാകത്തിന്റെ തിട്ടകൾ കുത്തനെയുള്ള ചരിവുതലങ്ങളായതിനാൽ സ്വാഭാവികമായും മണ്ണിടിച്ചിലും മണ്ണൊലിപ്പും രൂക്ഷമാകുന്നതിനുള്ള സാദ്ധ്യത വളരെക്കൂടുതലാണെന്ന് സമിതി മനസ്സിലാക്കുന്നു. ഈ പ്രദേശങ്ങളിലെ മണ്ണിളക്കിയുള്ള കൃഷി തടാകത്തെ വളരെ ദോഷകരമായി ബാധിക്കാനിടയുള്ളതിനാൽ തടാകതീരത്ത് 50 മീറ്റർ ചുറ്റളവിൽ ഗവൺമെന്റിന്റെ ഉത്തരവാദിത്വത്തിൽ മുള, ഈറ, കൈത തുടങ്ങി മണ്ണിനെ ഉറപ്പിച്ചു നിറുത്തുന്ന തരത്തിലുള്ള സസ്യങ്ങൾ വച്ചുപിടിപ്പിച്ച് ഒരു ഗ്രീൻ ബെൽറ്റ് ഉണ്ടാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും, പ്രസ്തുത ഗ്രീൻ ബെൽറ്റിന്റെ സംരക്ഷണം ഉറപ്പുവരുത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 6576/ഇ 3/2010/റവന്യൂ തീയതി 18-9-2010)

CWRDM ഫണ്ട് ഉപയോഗിച്ച് സാമൂഹ്യ വനവൽക്കരണ വിഭാഗം വിവിധ ഗ്രാമ പഞ്ചായത്തുകളുടെ സഹകരണത്തോടെ 2006-07 വർഷത്തിൽ 20000 മുളത്തൈകൾ ശാസ്താംകോട്ട തടാകതീരത്ത് 50 മീറ്റർ ചുറ്റളവിൽ നട്ടുപിടിപ്പിച്ചുവെങ്കിലും കാലിമേച്ചിലും വേനൽക്കാലത്തുണ്ടായിട്ടുള്ള തീപിടിത്തങ്ങൾമൂലവും കുറെ തൈകൾ നശിച്ചു പോവുകയുണ്ടായി. ഏകദേശം 2500-ഓളം തൈകൾ ഇപ്പോൾ നിലവിലുള്ളതായി കാണപ്പെടുന്നു.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

സമിതി ആരാഞ്ഞ അധികവിവരം

CWRDM ഫണ്ട് ഉപയോഗിച്ച് നട്ടുപിടിപ്പിച്ച മുളത്തൈകൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും ഇതിനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥർ ആരാണെന്നതും സംബന്ധിച്ച റിപ്പോർട്ട്.

<u>സമിതി ആരാഞ്ഞ അധികവിവരത്തിൻമേലുള്ള മറുപടി</u>

**വനം-വന്യജീവി (ഇ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 6392/ഇ 3/2015/വനം തീയതി 13-8-2015)

CWRDM ഫണ്ട് ഉപയോഗിച്ച് 2006-07 വർഷത്തിൽ ശാസ്താംകോട്ട ശുദ്ധജല തടാകത്തിന്റെ വിവിധ കരഭാഗങ്ങളിൽ സന്നദ്ധ സംഘടനകളുടെയും പഞ്ചായത്തിന്റെയും സഹായത്തോടെ കൊല്ലം സോഷ്യൽ ഫോറസ്ട്രി ഡിവിഷന്റെ മേൽനോട്ടത്തിൽ 20000 മുളത്തൈകൾ നട്ടുപിടിപ്പിച്ചിരുന്നു. എന്നാൽ കാലിമേച്ചിലും വേനൽക്കാലത്തുണ്ടായ തീപിടുത്തവുംമൂലം ഇവയിൽ ഭൂരിഭാഗം തൈകളും നശിച്ചുപോയി. ഏകദേശം 2500-ഓളം തൈകൾ ശേഷിച്ചിരുന്നു. ടി തടാകത്തിന്റെ പരിസരം ഇപ്പോൾ പരിശോധിച്ചതിൽ, നട്ടുപിടിപ്പിച്ചിരുന്ന തൈകൾ വളർന്ന് അങ്ങിങ്ങായി മുളം കൂട്ടങ്ങളായി നല്ല രീതിയിൽ നിൽക്കുന്നുണ്ട്.

തൈകളുടെ മേൽനോട്ടം വഹിച്ചിരുന്നത് തൽസമയത്തെ കൊല്ലം സോഷ്യൽ ഫോറസ്ട്രി-റെയിഞ്ച് ഓഫീസറും ശാസ്താംകോട്ട ബ്ലോക്കിന്റെ ചാർജ്ജുള്ള സെക്ഷൻ ഫോറസ്റ്റ് ഓഫീസറുമായിരുന്നു.

(19-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 9</u>

സമീപപ്രദേശങ്ങളിൽ നിന്നും മഴക്കാലത്തുണ്ടാകുന്ന അതിരൂക്ഷമായ മണ്ണൊലിപ്പ് തടയുന്നതിനുവേണ്ടി സമീപസ്ഥ പുരയിടങ്ങളിൽ കുളങ്ങളും നീർത്തടങ്ങളും ഉണ്ടാക്കി തടാകതീരത്തെ പുരയിടങ്ങളിലെ കൃഷിക്ക് ആവശ്യമായ ജലം ശേഖരിക്കുന്നതിനും കാലികളെ കുളിപ്പിക്കുന്നതിനും മറ്റും പ്രയോജനപ്പെടുത്തണമെന്നും അതുവഴി വലിയൊരളവ് മാലിന്യങ്ങൾ തടാകത്തിലെത്തുന്നത് തടയുന്നതിന് സഹായമാകുമെന്നും സമിതി മനസ്സിലാക്കുന്നു. തടാകത്തിലെ ജലസമ്പത്ത് വർദ്ധിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും സഹായിക്കുന്ന ഇത്തരം കുളങ്ങൾ നിർമ്മിക്കുന്നതിനുവേണ്ട പ്രോൽസാഹനവും സാമ്പത്തിക സഹായവും നൽകുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 155/ഡി.എ 3/2015/തസ്വഭവ. തീയതി 28-9-2015)

ശാസ്താംകോട്ട ശുദ്ധജല തടാകത്തിലെ മലിനീകരണത്തിനുള്ള പ്രധാന കാരണമായ മണ്ണൊലിപ്പ് തടയുന്നതിനും തടാകത്തിന്റെ സമീപപുരയിടങ്ങളിൽ കുളങ്ങളും നീർത്തടങ്ങളും മറ്റും ഉണ്ടാക്കി കൃഷിക്കും കന്നുകാലികളെ കുളിപ്പിക്കൽ മുതലായ കാര്യങ്ങൾക്കും ഉപയോഗിക്കുന്നതിന് MGNREGS, തനത് ഫണ്ട്, 2015-16 മാറ്റപ്രോജക്ടുകൾ എന്നീ മാർഗ്ഗങ്ങളിലൂടെ പരമാവധി സഹായവും പിന്തുണയും നൽകുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണെന്ന് ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിട്ടുണ്ട്. ശാസ്താംകോട്ട കായൽ സംരക്ഷണവുമായി ബന്ധപ്പെട്ട് നടത്തിയതും നടത്തിക്കൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ ഗ്രാമപഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തതിൻ പ്രകാരം ചുവടെ ചേർക്കുന്നു:

(1) തടാകതീരത്ത് വസിക്കുന്നവർക്ക് കക്കൂസ് നിർമ്മിക്കുന്നതിന് 97,20,000 രൂപ അനുവദിച്ചു. 300 കക്കൂസുകൾക്ക് 36,000 രൂപ നിരക്കിൽ 1,08,00,000 രൂപ വകയിരുത്തി 142 കക്കൂസുകൾ പൂർത്തീകരിച്ചു. ബാക്കി പണി പുരോഗമിക്കുന്നു.

(2) NREGS മുഖേന മഴക്കുഴി നിർമ്മിക്കുന്നതിനായി 25,65,475 രൂപയുടെ ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും 14,36,704 രൂപ ചെലവഴിച്ച് മഴക്കുഴികളും തടാകതീരത്ത് നിർമ്മിച്ചിട്ടുണ്ട്.

(30-9-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 10</u>

തടാകതീരത്ത് അധിവസിക്കുന്ന കുടുംബങ്ങളിൽ വലിയൊരു വിഭാഗത്തിന് ഇപ്പോഴും സാനിട്ടേഷൻ സൗകര്യം ഇല്ലാത്തതിനാൽ അത്തരം മലിനീകരണം തടയുന്നതിനും അവർക്ക് നിശ്ചിത സമയപരിധിക്കുള്ളിൽതന്നെ സാനിട്ടേഷൻ സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും തടാകത്തിൽ കാലികളെ കുളിപ്പിക്കുക, ഓല കതിർക്കുക, തടി കതിർക്കുക തുടങ്ങിയ മലിനീകരണ പ്രവർത്തനങ്ങൾ നടത്തുന്നത് കർശനമായി തടയണമെന്നും തടാകം മലിനപ്പെടുത്തുന്ന പ്രവർത്തനങ്ങളിലേർപ്പെടുന്നവരെ നിയമപരമായി ശിക്ഷിക്കുന്നതാണെന്ന് തടാക തീരങ്ങളിൽ ബോർഡുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 3126/ഡി.സി1/2009/തസ്വഭവ. തീയതി 8-5-2009)

തടാകതീരത്ത് അധിവസിക്കുന്ന എല്ലാ കുടുംബങ്ങൾക്കും സാനിട്ടറി കക്കൂസ് ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഗ്രാമ പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനാവശ്യമായ സാങ്കേതിക സഹായം, സാമ്പത്തിക സഹായം സബ്സിഡിയായി നൽകാനും ജില്ലാ സാനിട്ടേഷൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ ഈ മേഖലയിലെ സാനിട്ടേഷൻ സൗകര്യങ്ങൾ മെച്ചപ്പെടുത്തി സംസ്ഥാനത്തെ പ്രധാന തടാകങ്ങളായ ശാസ്താംകോട്ട, വെള്ളായണി, വേമ്പനാട് എന്നിവയുടെ പരിസ്ഥിതി സംരക്ഷണത്തിനുള്ള ഗുണമേന്മാ നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിനായി 171 ലക്ഷം രൂപയുടെ ഒരു 'എക്കോ റിസ്റ്റോറേഷൻ പദ്ധതി' നടപ്പിലാക്കുന്നതിന് സംസ്ഥാന പരിസ്ഥിതി വകുപ്പ് സാമ്പത്തിക സഹായം ലഭ്യമാക്കിയിട്ടുണ്ട്. ടി ജലാശയങ്ങളെ മലിനപ്പെടുത്തുന്നതിന് കാരണമായ സാനിട്ടറി സൗകര്യങ്ങളുടെ അപര്യാപ്തത പരിഹരിക്കാനുള്ള നടപടി കൈക്കൊള്ളുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന ലക്ഷ്യം. പൊതുകക്കൂസുകളുടെ നിർമ്മാണം, വസ്ത്രം കഴുകുന്നതിന് പൊതുസൗകര്യങ്ങൾ ഏർപ്പെടുത്തുക, ഇവയുടെ വൃഷ്ടിപ്രദേശത്തുവരുന്ന സ്കൂൾ, ആശുപത്രി, ചന്ത തുടങ്ങിയവയിൽ നിന്നുള്ള മാലിന്യ സംസ്കരണത്തിനായി മാതൃകാ മാലിന്യ സംസ്കരണ സംവിധാനങ്ങൾ ഏർപ്പെടുത്തുക തുടങ്ങിയവയാണ് ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്. ഇത് നടപ്പിൽ വരുത്താനുള്ള നടപടികൾ ശുചിത്വ മിഷൻ മുഖാന്തിരം കൈക്കൊണ്ടുവരുന്നു. ഇതിന്റെ ഗുണം ശാസ്താംകോട്ട തടാകത്തിനും ലഭിക്കും.

തടാകത്തിൽ കാലികളെ കുളിപ്പിക്കുക, ഓല കുതിർക്കുക, തടി കുതിർക്കുക തുടങ്ങിയ മലിനീകരണ പ്രവർത്തനങ്ങൾ നടത്തി തടാകം മലിനപ്പെടുത്തുന്നവരെ നിയമപരമായി ശിക്ഷിക്കുന്നതാണ് എന്ന് കാണിക്കുന്ന ബോർഡ് സ്ഥാപിക്കാനും ശാസ്താംകോട്ട, പടിഞ്ഞാറെ കല്ലട, കുന്നത്തൂർ, മൈനാഗപ്പള്ളി എന്നീ ഗ്രാമപഞ്ചായത്തുകളോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഫലപ്രദമായ ഒരു ഐ. ഇ. സി. പ്ലാൻ തയ്യാറാക്കി നടപ്പാക്കാൻ ജില്ലാ സാനിട്ടേഷൻ സമിതിയോടും ആവശ്യപ്പെട്ടിട്ടുണ്ട്.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 11

തടാകത്തിന് സമീപമുള്ള കൃഷിയിടങ്ങളിലെ കീടനാശിനിയുടെയും രാസവളത്തിന്റെയും അമിതമായ പ്രയോഗം നിരോധിക്കണമെന്നും പ്രദേശത്തെ കൃഷിഭവനുകൾ കൂട്ടായി ചർച്ചചെയ്ത് തടാകത്തിന് മലിനീകരണം സംഭവിക്കാത്ത തരത്തിലുള്ള കൃഷിരീതികൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**കൃഷി (എൻ.സി.എ.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 22396/എൻസിഎ 3/15/കൃഷി തീയതി 5-8-2015)

ശാസ്താംകോട്ട തടാകക്കരയിലുള്ള കൃഷിയിടങ്ങളിൽ ജൈവവളങ്ങളും ആവശ്യം വന്നാൽ ജൈവ കീടനാശിനികളും മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂവെന്ന് കൃഷി ഓഫീസർമാർക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസർ നിർദ്ദേശം നൽകിയിട്ടുണ്ട്. കേരള സംസ്ഥാനത്ത് ജൈവ കാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി സ.ഉ.(കയ്യെഴുത്ത്) നമ്പർ 22/2011/കൃഷി തീയതി 17-1-2011 പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും സ.ഉ.(കയ്യെഴുത്ത്) നമ്പർ 116/2011/കൃഷി തീയതി 7-5-2011 പ്രകാരം ചുവപ്പ്, മഞ്ഞ ലേബലോടുകൂടിയതും മനുഷ്യജീവന് ഹാനികരവുമായ 14 ഇനം കീടനാശിനികൾ/കുമിൾനാശിനികൾ/കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. 28-7-2015 തീയതിയിലെ സ.ഉ.(കയ്യെഴുത്ത്) നമ്പർ 128/2015/കൃഷി പ്രകാരം ഈ വിഷയത്തിൽ സംസ്ഥാനത്തുടനീളം ബാധകമാകുന്ന പുതിയ മാർഗ്ഗനിർദ്ദേശങ്ങൾ കൂടി പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട് (അനുബന്ധമായി ചേർത്തിരിക്കുന്നു.)

(12-8-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 12

ശാസ്താംകോട്ട തടാകത്തിൽ ഡിറ്റർജെന്റുകളും സോപ്പും ഉപയോഗിക്കുന്നതിലൂടെ പ്രതിദിനം 30,35 കിലോഗ്രാമോളം വരുന്ന മാലിന്യം തടാകത്തിൽ കലരുന്നതായി കണക്കാക്കിയിട്ടുണ്ടെന്നും ഇത് നിയന്ത്രിക്കുന്നതിലേക്കായി പൊതുജനങ്ങൾക്ക് വസ്ത്രം അലക്കുന്നതിനും കുളിക്കുന്നതിനും മറ്റുമുള്ള പ്രത്യേക സംവിധാനങ്ങളും കംഫർട്ട് സ്റ്റേഷനുകളും നിർമ്മിച്ചുകൊടുക്കണമെന്നും അവിടെനിന്നുള്ള മലിനജലം തടാകത്തിലെത്താതെ നിയന്ത്രിക്കുകയും ചെയ്യുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 3126/ഡി.സി1/09/തസ്വഭവ. തീയതി 8-5-2009)

തടാകപരിധിയിൽ ഉൾപ്പെടുന്ന ഗ്രാമപഞ്ചായത്തുകളോട് തടാകം മലിനമാകാതെ സംരക്ഷിക്കാൻ, സമിതി നിർദ്ദേശിച്ച രീതിയിൽ നടപടികൾ കൈക്കൊള്ളാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് ലഭ്യമാക്കിയ 171 ലക്ഷം രൂപയുടെ എക്കോ റിസ്റ്റോറേഷൻ പദ്ധതി നടപ്പിലാക്കുവാൻ നടപടി എടുത്തുവരുന്നു. വസ്ത്രം കഴുകുന്നതിൽ നിന്നും തടാകത്തിന് ഉണ്ടാകുന്ന മലിനീകരണം ഒഴിവാക്കാൻ ലക്ഷ്യമിട്ട് ഇതിനായി വസ്ത്രമലക്കാനുള്ള പൊതുസൗകര്യങ്ങളും കക്കൂസുകളുടെ അഭാവംനിമിത്തം തടാകം മലിനപ്പെടുന്നത് ഒഴിവാക്കാനായി പൊതുകക്കൂസുകൾ നിർമ്മിച്ച് നൽകാനുള്ള നടപടികളും ജനങ്ങളിൽ ഇക്കാര്യത്തിൽ ആവശ്യമായ അവബോധം ഉണ്ടാക്കാനുള്ള പ്രവർത്തനങ്ങളും നടത്താൻ പ്രസ്തുത പദ്ധതി ലക്ഷ്യമിടുന്നുണ്ട്. ഈ പദ്ധതി ശാസ്താംകോട്ട ഉൾപ്പെടെയുള്ള പ്രധാന തടാകങ്ങളെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിന് ഗുണകരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാനുള്ള നടപടി കൈക്കൊണ്ടുവരുന്നു.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 13</u>

തടാകത്തിലെ ചില ഭാഗങ്ങളിൽ ചെളി അടിയുന്നത് സംബന്ധിച്ച പരാതി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ചെളി അടിയുന്ന ഭാഗത്തുനിന്ന് അത് നീക്കം ചെയ്യുന്നത് സംബന്ധിച്ച് വിദഗ്ദ്ധരിൽ നിന്നും അഭിപ്രായം ആരായുകയും തടാകത്തിന്റെ തനത് സന്തുലിതാവസ്ഥയ്ക്ക് വിഘാതമുണ്ടാക്കാത്തവിധം തടാകത്തിൽനിന്ന് ചെളി നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുകയും വേണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**വ്യവസായ (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 3128/എ 3/2009/വ്യവ. തീയതി 8-3-2012)

ശാസ്താംകോട്ട തടാകം കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറെ കല്ലട, കുന്നത്തൂർ, ശാസ്താംകോട്ട എന്നീ വില്ലേജുകളിലായി വ്യാപിച്ചുകിടക്കുന്നു. ഈ തടാകവും തൊട്ടുസമീപപ്രദേശങ്ങളും ചെങ്കല്ലിനാലും ചെമ്മണ്ണിനാലും ആവരണം ചെയ്യപ്പെട്ടുകാണുന്നു.

ശാസ്താംകോട്ട കായലിനും അഷ്ടമുടി കായലിനും ഇടയിൽ കാണപ്പെടുന്ന പടിഞ്ഞാറെ കല്ലടയിലെ വിശാലമായ പാടശേഖരം ചെളി/മണൽ നിക്ഷേപത്താൽ സമ്പന്നമാണ്. 15-3-2007-വരെ ടി പ്രദേശം, അനിയന്ത്രിതവും അശാസ്ത്രീയവുമായ മണൽ/ചെളി ഖനനത്തിന് വിധേയമായിട്ടുള്ളതാണ്. ടി പ്രദേശത്തെ ചെളി നിക്ഷേപം

അഷ്ടമുടി കായലിൽ നിന്നും ശാസ്താംകോട്ട കായലിലേക്ക് ഉപ്പുവെള്ളം പ്രവേശിക്കുന്നതു തടയുന്നു. അതോടൊപ്പം മണൽ നിക്ഷേപം ടി തടാകത്തിലേക്ക് ശുദ്ധജലം അരിച്ചിറങ്ങുന്നതിന് സഹായിക്കുന്നു. കാലാകാലങ്ങളിൽ ടി പ്രദേശത്തുനടന്ന ചെളി/മണൽ ഖനനം കായലിന്റെ ജൈവ ഭൗതിക സ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്. കായലിനെ സംരക്ഷിക്കുന്നതിന് വേണ്ടി, പടിഞ്ഞാറെ കല്ലട ഉൾപ്പെടെ കായലിനുചുറ്റുമുള്ള പ്രദേശത്ത് ചെളി/മണൽ ഖനനത്തിന് യാതൊരുവിധ പെർമിറ്റുകളും 15-3-2007-നുശേഷം നാളിതുവരെയായി നൽകിയിട്ടില്ല. കൂടാതെ ടി പ്രദേശത്ത് അനധികൃത ചെളി/മണൽ ഖനനം നടത്തിയ 31 ഭൂവുടമകളുടെ പേരിൽ നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

എന്നിരുന്നാലും മത്സ്യകൃഷിത്തിനുവേണ്ടി സർക്കാരിന്റെ നിർദ്ദേശപ്രകാരം 20-5-2008-ൽ ഇഷ്ടികച്ചെളി നീക്കം ചെയ്യുന്നതിന് ചെറിയ അളവിൽ പെർമിറ്റ് നൽകി. പിന്നീട് പൊതുജന പരാതിയെത്തുടർന്ന് ടി പെർമിറ്റ് റദ്ദാക്കുകയുണ്ടായി. കുന്നത്തൂർ താലൂക്കിൽ പടിഞ്ഞാറെ കല്ലട വില്ലേജിൽപ്പെട്ട സ്ഥലങ്ങളിൽ 2-1-2008-ലെ ജി.ഒ.(പി) നമ്പർ 2/08/വ്യവ. (കേരള മൈനർ മിനറൽ കൺസഷൻ ചട്ടത്തിന്റെ ഭേദഗതിക്കുശേഷം) ഗവൺമെന്റ് ഉത്തരവ് പാലിച്ച് ശ്രീ. രാജേന്ദ്രൻ കോതപുരം എന്ന വ്യക്തിക്ക് പടിഞ്ഞാറെ കല്ലട വില്ലേജിൽ പെർമിറ്റ് ഒഴികെ മറ്റ് ഖനന പെർമിറ്റുകൾ ഒന്നുംതന്നെ നൽകിയിട്ടില്ല. ടി സ്ഥലത്ത് നിലവിൽ പെർമിറ്റ് നൽകിയിട്ടില്ല. ടി പ്രദേശങ്ങളിൽ പണ്ട് നടന്ന അനധികൃത ഖനനത്തിന് സ്ഥല ഉടമയ്ക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുണ്ട്.

ജില്ലയിൽ കുന്നത്തൂർ ഉൾപ്പെടെ എല്ലാ താലൂക്കുകളിലും ചെളി/മണൽ ഖനനത്തിന് കളക്ടർ/ആർ.ഡി.ഒ., മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവരുടെ എൻ. ഒ. സി. പ്രകാരം 7 മണൽ പെർമിറ്റും 8 ഇഷ്ടികച്ചെളി പെർമിറ്റുകളും നൽകിയിട്ടുണ്ട്. കൂടാതെ അനധികൃത ഖനനം സംബന്ധിച്ച് ഭൂവുടമകളുടെ പേരിൽ നിയമ നടപടികൾ എടുത്തിട്ടുണ്ട്. ഇപ്രകാരം പെർമിറ്റുകൾ നിജപ്പെടുത്തിയും നിയമം കർക്കശമാക്കിയും പരിസ്ഥിതിനാശം ഒരു പരിധിവരെ ലഘൂകരിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

ചെങ്കല്ലിനാലും ചെമ്മണ്ണിനാലും സമ്പന്നമായ ഈ തടാകപ്രദേശത്ത് ഖനനത്തിന് യാതൊരുവിധ പെർമിറ്റുകളും അനുവദിച്ചിട്ടില്ല. എന്നാൽ ശാസ്താംകോട്ട കായലിന്റെ കാച്ച്മെന്റ് ഏരിയാ വെസ്റ്റ് കല്ലട വില്ലേജിലെ വിളന്തറ ഭാഗത്തുനടന്ന അനധികൃത വെട്ടുകല്ല് ഖനനം സംബന്ധിച്ച് ടി ഖനനത്തിലേർപ്പെട്ട 55 ഭൂവുടമകളുടെ പേരിൽ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. അനധികൃത ഖനനം നടത്തിയ സ്ഥലം ഉടമകൾക്കെതിരെ നിയമ നടപടി സ്വീകരിച്ചിട്ടുള്ളതിനാൽ പടിഞ്ഞാറെ കല്ലട ചേലൂർ ഭാഗങ്ങളിലെ അനധികൃത ഖനനം നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്. ടി പ്രദേശത്ത് പോലീസ് പട്രോളിംഗ് ഏർപ്പെടുത്തി ഇഷ്ടികച്ചെളി/മണൽ ഖനനം നിയന്ത്രണവിധേയമാക്കിയിട്ടുണ്ട്.

ചുരുക്കത്തിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും ഉപയോഗിച്ച് ഖനനം നിയന്ത്രിച്ചും അനധികൃത ഖനനത്തിനെതിരെ കർശന നടപടി സ്വീകരിച്ചും പരിസ്ഥിതിയെ സംരക്ഷിക്കുന്നതിനുവേണ്ടി കൊല്ലം ജിയോളജി ഓഫീസിൽ നിന്നും നടപടി സ്വീകരിച്ചിട്ടുണ്ട്.

15-3-2007-നുശേഷം ടി പ്രദേശത്ത് ഇഷ്ടികച്ചെളി, മണൽ, വെട്ടുകല്ല് എന്നിവയ്ക്ക് കൊല്ലം ജില്ലാ ജിയോളജി ഓഫീസിൽ നിന്നും യാതൊരുവിധ ഖനനാനുമതിയും നൽകിയിട്ടില്ല. കൂടാതെ ടി പ്രദേശത്ത് നടന്ന അനധികൃത വെട്ടുകല്ല്, ഇഷ്ടികച്ചെളി, മണൽ ഖനനത്തിനെതിരെ സ്വീകരിച്ച നിയമ നടപടികളുടെ വിശദവിവരങ്ങൾ താഴെപ്പറയും പ്രകാരമാണ്:

**(എ) വെട്ടുകല്ല്**

| ക്രമ നമ്പർ | പേരും മേൽവിലാസവും | വില്ലേജ്/ സർവ്വേ നമ്പർ | ഖനന ധാതുവിന്റെ അളവ് | പിഴയും റോയൽറ്റിയും | അഭിപ്രായ ക്കുറിപ്പ് |
|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 |
| 1 | ശ്രീ. കെ. എൻ. വാസുദേവൻ പിള്ള, ദേവപ്രിയം വീട്, കോയിക്കൽ ഭാഗം, പടി. കല്ലട | പടി.കല്ലട 487/11 | 2258 MT | Rs. 41,128 | 17-9-2010-ലെ സർക്കാർ ഉത്തരവ് നമ്പർ1313/10, ഐ.ഡി. പ്രകാരം പകുതി തുകയായ Rs.23,064 ഈടാക്കി യിട്ടുണ്ട് |
| 2 | ശ്രീമതി കൃഷ്ണകുമാരി ശിവൻപിള്ള, ആലംചേരി വീട്, കോതപുരം, പടി. കല്ലട | പട. കല്ലട 31/4, 4-1, 4-2 | 5085 MT | Rs. 86,360 | ടി തുക ഈടാക്കു ന്നതിനുവേണ്ട നിയമ നടപടി സ്വീകരിച്ചിട്ടുണ്ട് |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 3 | ശ്രീമതി ശോഭനയമ്മ, കടക്കേത്ത് വീട്, കോതപുരം, പടി. കല്ലട | പടി. കല്ലട 31/6 | 3090 MT | Rs.54,440 | ടി തുക ഈടാക്കുന്നതിനു വേണ്ട നിയമ നടപടി സ്വീകരിച്ചിട്ടുണ്ട് |
| 4 | ശ്രീമതി ഗിരിജാ ദേവി അമ്മ, പുളിവേലിൽ പുത്തൻവീട്, പടി. കല്ലട | പടി. കല്ലട 277/1, 2, 3 | 12644 MT | Rs. 2,07,304 | ,, |
| 5 | ശ്രീ. ശിവൻ പിള്ള, നെട്ടുവേലിൽ വീട്, മുതുപിലാക്കാട്, പടി. കല്ലട, ശാസ്താംകോട്ട | ശാസ്താംകോട്ട 92/22 | 840 MT | Rs.18,440 | ,, |

**(ബി) ചെളി/മണൽ**

| | | | | | |
|---|---|---|---|---|---|
| 1 | ശ്രീ. സന്തോഷ് കുമാർ S/o അയ്യപ്പൻപിള്ള, പയ്യാളൂർ വീട്, ഐത്തോട്ടുവ മുറി, പടി. കല്ലട | പടി, കല്ലട 123/1 | 6932 MT ചെളി | Rs.74,320 | ടി തുക ഈടാക്കുന്നതിനു വേണ്ട നിയമ നടപടി സ്വീകരിച്ചിട്ടുണ്ട് |
| 2 | ശ്രീമതി ജഗദമ്മ ജയാനന്ദൻ, ഒറ്റപ്ലാവിളയിൽ വീട്, കോതപുരം, പടി. കല്ലട | പടി. കല്ലട 516/1 | 9900 MT മണൽ | Rs. 1,04,000 | ,, |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 3 | ശ്രീമതി ഷീജ, D/o സുമതി, വാസവ മന്ദിരം, ഐത്തോട്ടുവമുറി, പടി. കല്ലട | പടി. കല്ലട 567/14 | 1296 MT മണൽ 864 MT ചെളി | Rs.26,600 | ടി തുക ഈടാക്കുന്നതിനുവേണ്ട നിയമ നടപടി സ്വീകരിച്ചിട്ടുണ്ട് |
| 4 | ശ്രീ. എ. കെ. സലീബ്, S/o കട്ടപ്പൻ, എം. കെ. നിവാസ്, വലിയപാടംമുറി | പടി. കല്ലട 353/14 | 2480 MT ചെളി | Rs. 29,800 | ,, |
| 5 | ശ്രീ. തങ്കച്ചൻ, S/o കുഞ്ഞ്കുഞ്ഞ്, ഇടയിലഴികത്ത് വീട്, വലിയപാടംമുറി, പടി. കല്ലട | പടി, കല്ലട 198/7 | 4040 MT ചെളി | Rs. 45,400 | ,, |
| 6 | ശ്രീമതി ബിനിരാജു, W/o രാജു ജോർജ്ജ്, നാരകത്തിൽ പുത്തൻവീട്, വലിയപാടം | പടി. കല്ലട 199/12 | 3000 MT ചെളി | Rs. 35,000 | ,, |
| 7 | ശ്രീ. ശ്രീധരൻ, തെക്കേടത്ത്, ഒലിയപാടംമുറി | പടി. കല്ലട 123/3 | 3800 MT ചെളി | Rs. 43,000 | ,, |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| 8 | (1) ശ്രീമതി ശാരദപ്പിള്ള, D/o പാറുകുട്ടിപ്പിള്ള, തെന്നലവീട്, ഈച്ചിനയംമുറി, ശൂരനാട് | പടി. കല്ലട 41/2 | 16000 MT മണൽ | Rs. 1,65,000 | ടി തുക ഈടാക്കുന്നതിനു വേണ്ട നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട് |
| | (2) ശ്രീമതി സരളപ്പിള്ള, D/o പാറുകുട്ടിപ്പിള്ള, തെന്നലവീട്, ഈച്ചിനയംമുറി, ശൂരനാട് | ,, | | | |
| | (3) ശ്രീമതി സരസമ്മ, D/o നാരായണി, പെരുമ്പ്രാമണപ്പുറത്തു വീട്ടിൽ, നെന്മേനിമുറി, മൺട്രോത്തുരുത്ത് | ,, | | | |
| | (4) ശ്രീ. കരുണാകരൻ പിള്ള, S/o കഞ്ഞൻപിള്ള, പെരുവേലിൽ വീട്, കോതപുരം മുറി | ,, | | | |

| 1 | 2 | 3 | 4 | 5 | 6 |
|---|---|---|---|---|---|
| | (5) ശ്രീ. കുട്ടപ്പൻ, S/o തച്ചിൽ ഗോവിന്ദൻ, കാറ്റിക്കാട് തെക്കതിൽ വീട്, കോതപുരംമുറി | പടി. കല്ലട 41/2 | | | |
| | (6) ശ്രീമതി തങ്കമണിയമ്മ, D/o സരോജിനിയമ്മ, പതിയിൽവീട്, കോതപുരംമുറി | ,, | | | |

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 14</u>

തടാകത്തിലെ ചില ഭാഗങ്ങളിൽ നത്തക്ക എന്ന ചെറുജല ജീവി കൂട്ടമായി ചത്തുപൊങ്ങി പാരിസ്ഥിതിക പ്രശ്നം സൃഷ്ടിച്ചതായി സമിതിയുടെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. ഇത്തരത്തിൽ ജലജീവികൾ ചത്തുപൊങ്ങുന്നത് തടാകജലത്തിനുണ്ടാകുന്ന രാസവ്യതിയാനത്തിന്റെ ഫലമാണോ എന്ന് ബന്ധപ്പെട്ട വകുപ്പുകൾ പരിശോധിച്ച് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**പരിസ്ഥിതി (എ) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 2414/എ 2/2014/പരി. തീയതി 27-9-2014)

ശാസ്താംകോട്ട തടാകത്തിലെ ജലത്തിന്റെ ഗുണനിലവാരം ബോർഡ് ക്രമമായി പരിശോധിക്കുന്നുണ്ട്. തടാകത്തിലെ ജലത്തിലെ ഗുണനിലവാര ഘടകങ്ങളെല്ലാം ശാസ്ത്രീയമായ ശുദ്ധീകരണത്തിനും അണുനശീകരണത്തിനും ശേഷം കുടിവെള്ള സ്രോതസ്സായി ഉപയോഗിക്കാവുന്ന ജലസ്രോതസ്സിന്റെ ഗുണനിലവാര പരിധിക്കുള്ളിലാണെന്ന് കഴിഞ്ഞ ഒരു വർഷത്തെ പരിശോധനാ ഫലങ്ങൾ വെളിവാക്കുന്നത്.

(19-11-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 15

തടാകത്തിനുസമീപത്തുള്ള പമ്പ് ഹൗസിൽ നിന്നും മലിനജലം തടാകത്തിലേക്ക് തന്നെ തുറന്നുവിടുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടു. ഇത് വീണ്ടും പമ്പ് ഹൗസിലേക്കുതന്നെ എത്തിച്ച് ട്രീറ്റ്മെന്റ് നടത്തുന്നതിനുള്ള പദ്ധതി എത്രയുംവേഗം പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**ജലവിഭവ (ജലവിതരണ-സി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 642/സി1/2009/ജവിവ. തീയതി 21-12-2010)

പമ്പ് ഹൗസിൽ നിന്നും വാഷ് ചെയ്യുന്ന ജലം തടാകത്തിലേക്ക് തുറന്നുവിടുന്നത് വീണ്ടും പമ്പ് ഹൗസിൽ എത്തിച്ച് ട്രീറ്റ് ചെയ്യുന്നതിലേക്കായി ഒരു റീസൈക്ലിംഗ് യൂണിറ്റും ട്രീറ്റ്മെന്റ് പ്ലാന്റും നിർമ്മിക്കുന്നതിലേക്കായി ഏകദേശം 70 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ട്. മറ്റ് നടപടിക്രമങ്ങൾ പൂർത്തിയാക്കി പദ്ധതി പൂർത്തീകരിച്ച് പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതാണ്.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

ശിപാർശ നമ്പർ 16

കൂടുതൽ പാരിസ്ഥിതികാഘാതങ്ങൾ ഉണ്ടാകുന്നത് തടയുന്നതിനായി ശാസ്താംകോട്ട തടാകത്തിന് സമീപത്ത് നടത്തുന്ന വെട്ടുകൽ ഖനനം നിയന്ത്രണവിധേയമാക്കണമെന്നും ഈ പ്രദേശത്തുനിന്ന് വ്യാപകമായി കുന്നുകൾ ഇടിച്ചുനിരത്തുന്നത് നിരോധിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

സർക്കാർ സ്വീകരിച്ച നടപടി

**റവന്യൂ (പി) വകുപ്പ്**

1. (സർക്കാർ കത്ത് നമ്പർ 50342/പി1/2015/റവ. തീയതി 11-8-2015)

2. (സർക്കാർ കത്ത് നമ്പർ 50342/പി1/2015/റവ. തീയതി 9-10-2015)

കൊല്ലം ജില്ലാ കളക്ടറേറ്റിൽ നിന്നും രണ്ട് മാസം കൂടുമ്പോൾ അനധികൃത ഖനനം, മണലൂറ്റ് തുടങ്ങിയവ സംബന്ധിച്ച് നിരോധന ഉത്തരവ് നൽകാറുണ്ട്. ഇത് സംബന്ധിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമാക്കുവാൻ കൊല്ലം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുന്നതാണ്.

കായൽ സംരക്ഷണ പ്രഖ്യാപനങ്ങളുടെ ഭാഗമായുള്ള തുടർ നടപടികളിൽ കായലുമായി

ബന്ധപ്പെട്ട പ്രദേശങ്ങളിൽ അനധികൃത ഖനനങ്ങൾ തടയുന്നതിനായി കൊല്ലം കളക്ടറേറ്റിൽ നിന്നും CrPC സെക്ഷൻ 144(2) & കേരള നദീതീര ചട്ടങ്ങൾ 2002, കെ. എം. എം. സി. റൂൾസ് പ്രകാരം ശാസ്താംകോട്ട തടാകത്തിന്റെ പരിധിയിൽപ്പെട്ട ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിലെ VII, VIII, IX, X, XI, XVIII എന്നീ വാർഡുകൾ ഉൾപ്പെടുന്ന പ്രദേശങ്ങളിലുള്ള അനധികൃത ഖനനങ്ങളും മണലൂറ്റും പടിഞ്ഞാറെ കല്ലട വില്ലേജിലേയും മൈനാഗപ്പള്ളി വില്ലേജിലേയും മുഴുവൻ ഖനന പ്രവർത്തനങ്ങളും മണലൂറ്റും തടാകം മലിനപ്പെടുത്തുന്ന അനധികൃത പ്രവർത്തനങ്ങളും രണ്ടുമാസ കാലയളവിലേക്ക് നിരോധിച്ചുകൊണ്ടും ശാസ്താംകോട്ട തടാകവും വൃഷ്ടിപ്രദേശങ്ങളും സംരക്ഷിതമേഖലയായി പ്രഖ്യാപിച്ചുകൊണ്ടും ജില്ലാ കളക്ടർ ഉത്തരവ് പുറപ്പെടുവിക്കാറുള്ളതാണ്. ടി നിരോധനം ലംഘിക്കുന്നവർക്കെതിരെ റവന്യൂ, പോലീസ്, പഞ്ചായത്ത്, ജിയോളജി, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകൾ കർശന ശിക്ഷാനടപടികൾ നിയമാനുസൃതം ജില്ലാതലത്തിൽ സ്വീകരിച്ചുവരുന്നു.

(11-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

<u>ശിപാർശ നമ്പർ 17</u>

ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സമീപ പഞ്ചായത്തുകളിലെ വീടുകളിലെയും പൊതുസ്ഥാപനങ്ങളിലേയും മാർക്കറ്റുകളിലെയും ഖരമാലിന്യങ്ങൾ ശേഖരിച്ച് തരംതിരിച്ച് സംസ്കരിക്കുന്നതിനുള്ള പ്ലാന്റ് ഗവൺമെന്റിന്റെയും ക്ലീൻ കേരള മിഷന്റെയും സാമ്പത്തിക സാങ്കേതിക സഹായത്തോടുകൂടി സ്ഥാപിക്കുന്നത് ഈ തടാകത്തിന്റെ പരിശുദ്ധി നിലനിർത്തുന്നതിന് അത്യന്താപേക്ഷിതമാണ്. അതിനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>സർക്കാർ സ്വീകരിച്ച നടപടി</u>

**തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്**

(സർക്കാർ കത്ത് നമ്പർ 3126/ഡിസി1/2009/തസ്വഭവ. തീയതി 8-5-2009)

ശാസ്താംകോട്ട ശുദ്ധജലതടാകത്തിന്റെ സമീപ പഞ്ചായത്തുകളിൽ വിവിധ ഉറവിടങ്ങളിൽനിന്നും ഉണ്ടാകുന്ന ഖരമാലിന്യം സംസ്കരിക്കുന്നതിനുള്ള സംവിധാനങ്ങൾ ഉണ്ടാക്കാൻവേണ്ട സഹായം നൽകാൻ ശുചിത്വ മിഷൻ മുഖാന്തിരം നടപടികൾ കൈക്കൊണ്ടുവരുന്നു. ശാസ്താംകോട്ട ഗ്രാമപഞ്ചായത്തിന് ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 10 ലക്ഷം രൂപ ശുചിത്വ മിഷനിൽ നിന്നും അനുവദിച്ചിട്ടുണ്ട്. സമീപപ്രദേശത്തുള്ള മറ്റ് പഞ്ചായത്തുകളോടും പ്രോജക്ട് തയ്യാറാക്കി സമർപ്പിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഈ പ്രവർത്തനങ്ങൾ ലക്ഷ്യപ്രാപ്തിയിലെത്തുന്നതോടെ ശാസ്താംകോട്ട ശുദ്ധജല

തടാകത്തിനടുത്തുള്ള പ്രദേശങ്ങളിൽ നിന്നും ഉണ്ടാകാനിടയുള്ള ഖരമാലിന്യ മലിനീകരണ പ്രശ്നങ്ങൾക്ക് ഒരളവുവരെ പരിഹാരമാകുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനുവേണ്ടുന്ന തുടർനടപടികൾ ശുചിത്വ മിഷൻ മുഖാന്തിരം കൈക്കൊള്ളുന്നതാണ്.

(28-2-2013-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും അധികവിവരം ആരായുകയും ചെയ്തു.)

<u>സമിതി ആരാഞ്ഞ അധികവിവരം</u>

ശാസ്താംകോട്ട ശുദ്ധജല തടാകത്തിൽ ഉപ്പുവെള്ളം കയറാതിരിക്കുന്നതിനും തടാകത്തിലെ ജലനിരപ്പും തടാകത്തിനു ചുറ്റുമുള്ള പച്ചപ്പും സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ ചെയ്യാം എന്നതു സംബന്ധിച്ച റിപ്പോർട്ട് ലഭ്യമാക്കുക.

<u>സമിതി ആരാഞ്ഞ അധികവിവരത്തിനുള്ള മറുപടി</u>

## (എ) റവന്യൂ (യു) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 50343/യു2/2015/റവന്യൂ തീയതി 29-9-2015)

ശാസ്താംകോട്ട ശുദ്ധജലതടാകത്തിൽ ഉപ്പുവെള്ളം കയറാതെയും ജലം മലിനമാകാതെ സൂക്ഷിക്കുന്നതിനും ജലനിരപ്പ്, ചുറ്റുമുള്ള പച്ചപ്പ് എന്നിവ സംരക്ഷിക്കുന്നതിനും ബന്ധപ്പെട്ട വകുപ്പുകൾ വിവിധ നടപടികൾ സ്വീകരിച്ചിട്ടുള്ളതായി കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശാസ്താംകോട്ട ശുദ്ധജലതടാകത്തിലെ ജലം പരിശോധിച്ചതിൽ സോഡിയം ക്ലോറൈഡിന്റെ അളവ് അനുവദനീയമായ പരിധിയിൽ കൂടുതൽ ഇല്ലാത്തതാണെന്നും നാളിതുവരെ ഉപ്പുവെള്ളം കലർന്നിട്ടില്ലാത്തതും ചുറ്റിനും കരയാൽ ചുറ്റപ്പെട്ടു കിടക്കുന്നതും മറ്റ് ബാഹ്യജലസ്രോതസ്സുകളുമായി ബന്ധമില്ലാതെ ഒറ്റപ്പെട്ടു കിടക്കുന്നതുമായ ജലാശയമാണ് ശാസ്താംകോട്ട തടാകമെന്ന് ജില്ലാ കളക്ടറുടെ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളത്.

ശാസ്താംകോട്ട തടാകത്തിന്റെ പച്ചപ്പ് വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ശാസ്താംകോട്ട രാജഗിരിയിൽ വനം വകുപ്പിന്റെ കൈവശമുള്ള 1.07 ഹെക്ടർ സ്ഥലത്ത് 2014-15 വർഷത്തിൽ വിവിധയിനത്തിൽപ്പെട്ട 2621 നാടൻ വൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ച് സംരക്ഷിക്കുന്നുണ്ട്. തുടർന്ന് 2014 ജൂൺ 5-ന് ബഹുജനപങ്കാളിത്തത്തോടെ കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ വിവിധയിനത്തിൽപ്പെട്ട 4500 വൃക്ഷത്തൈകൾ നട്ടിട്ടുള്ളതായും ജില്ലാ കളക്ടർ അറിയിച്ചിട്ടുണ്ട്. NREGA പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത തൈകളുടെ പരിപാലനം ജില്ലാ പഞ്ചായത്തുതന്നെ നടപ്പാക്കിവരുന്നു. 2015 ജൂൺ 5-ന് ലോക പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് ശാസ്താംകോട്ട ബ്ലോക്ക് പഞ്ചായത്തിന് വനം വകുപ്പ് നൽകിയ 10000 വൃക്ഷത്തൈകൾ

ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ശാസ്താംകോട്ട കായൽ തീരത്ത് നട്ട് സംരക്ഷിച്ചു വരുന്നതായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കായലിന്റെ സമീപത്തുനിന്നും മുറിച്ചുമാറ്റിയ അക്കേഷ്യ മരങ്ങൾക്ക് പകരം വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതായി ശാസ്താംകോട്ട ഗ്രാമപഞ്ചായത്ത് അറിയിച്ചിട്ടുണ്ട്.

ശാസ്താംകോട്ട കായലിലെ മലിനീകരണം തടയുന്നതിനായി കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാമ്പത്തിക സഹായത്തോടുകൂടി നാഷണൽ വാട്ടർ മോണിറ്ററിംഗ് പ്രോഗ്രാം (NWMP)-ൽ ഉൾപ്പെടുത്തി മാസത്തിലൊരിക്കൽ ശാസ്താംകോട്ട കായലിലെ കേരള വാട്ടർ അതോറിറ്റി ഇൻഫിൽട്ടറേഷൻ കിണറിന്റെ സമീപത്തുനിന്നും സാമ്പിൾ ശേഖരിച്ച് ഗുണനിലവാരം വിലയിരുത്തിവരുന്നു.

9-6-2010-ലെ PCB/GEN/01/10-ാം നമ്പർ വിജ്ഞാപനപ്രകാരം തടാകത്തിലേക്ക് നേരിട്ടോ അല്ലാതെയോ പദാർത്ഥങ്ങൾ നിക്ഷേപിക്കുന്നത് നിരോധിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ നടത്തിപ്പിനായി തടാകത്തിലെ പ്രധാന മലിനീകരണ സ്രോതസ്സുകൾ കണ്ടെത്തുകയും ജനങ്ങളെ ബോധവൽക്കരിക്കുന്നതിനായി അവിടെ മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശങ്ങൾ പ്രദർശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. മാസത്തിലൊരിക്കൽ തടാകത്തിലെ 5 പോയിന്റുകളിൽ നിന്നുള്ള ജലം ശേഖരിച്ച് ഗുണനിലവാരം പരിശോധിക്കുന്നതായും ഗുണനിലവാരത്തിന്റെ 23 ഘടകങ്ങൾ മാസത്തിലൊരിക്കൽ ബോർഡ് പരിശോധിക്കുന്നതായും എൻവയോൺമെന്റൽ എഞ്ചിനീയർ അറിയിച്ചിട്ടുള്ളതായും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

തടാക തീരത്തുള്ള ആശുപത്രികൾ വൻകിട ഇടത്തരം ഹോട്ടലുകൾ എന്നിവയിൽ നിന്നുള്ള മലിനജലവും ആശുപത്രിയിൽ നിന്നുള്ള ബയോമെഡിക്കൽ മാലിന്യങ്ങളും ശാസ്ത്രീയമായി സംസ്കരിച്ച് നിർമ്മാർജ്ജനം ചെയ്യാൻവേണ്ട നടപടികൾ സ്വീകരിച്ചു വരുന്നതായും ബന്ധപ്പെട്ട സ്ഥാപനങ്ങൾ അനുമതിപത്രത്തിലെ വ്യവസ്ഥകൾ പാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതായി പൊല്യൂഷൻ കൺട്രോൾ ബോർഡ് അറിയിച്ചിട്ടുള്ളതായും കൊല്ലം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(11-11-2015-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

## (ബി) ജലവിഭവ (ഐ.ആർ.) വകുപ്പ്

(സർക്കാർ കത്ത് നമ്പർ 28529/ഐ.ആർ.3/2013/ജവിവ. തീയതി 26-8-2014)

ശാസ്താംകോട്ട തടാകത്തിന്റെ സംരക്ഷണം നിലവിൽ വിവിധ വകുപ്പുകളുടെ പ്രവർത്തനത്തിലൂടെയാണ് നടപ്പിലാക്കിവരുന്നത്. എന്നാൽ, കേരള ജലസേചന ജലസംരക്ഷണ ആക്ട്, 2003-ന്റെ ഭേദഗതിയിലൂടെ രൂപംകൊടുക്കാനുദ്ദേശിക്കുന്ന

'സംസ്ഥാന നദീ-തണ്ണീർത്തട അതോറിറ്റി' ബില്ലിന് നിയമസഭയുടെ അംഗീകാരം ലഭിക്കുകയാണെങ്കിൽ, ടി ഭേദഗതി ബില്ലിൽപ്പറയുന്ന പ്രകാരമുള്ള അതോറിറ്റിയുടെ രൂപീകരണത്തോടെ ശാസ്താംകോട്ട തടാകവും അതിന്റെ പരിധിയിൽവരുന്നതാണ്. കൂടാതെ, പരിസ്ഥിതി പ്രവർത്തകരെ അതോറിറ്റിയിൽ അംഗങ്ങളാക്കുവാൻ നിർദ്ദിഷ്ട ബില്ലിൽ വ്യവസ്ഥയുണ്ട്. പ്രസ്തുത അതോറിറ്റി വഴി വിവിധ വകുപ്പുകളുടെ ഏകോപനവും സാധ്യമാകുന്നതുമാണ്.

ശാസ്താംകോട്ട തടാകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ മണ്ണൊലിപ്പ് 1990-1996 കാലഘട്ടത്തിൽ ഹെക്ടറിന് പ്രതിവർഷം 50 ടൺ എന്ന കണക്കിലായിരുന്നു. (CWRDM Report 2013) എന്നാൽ തടാക സംരക്ഷണത്തിനുവേണ്ടി നടപ്പിലാക്കിയ വിവിധ സംരക്ഷണ പ്രവർത്തനങ്ങളുടെ ഫലമായി ഒരു വർഷത്തെ മണ്ണൊലിപ്പ് ഹെക്ടറിന് 5-20 ടൺ എന്ന കണക്കിലേക്ക് കുറഞ്ഞതായി (CWRDM തയ്യാറാക്കിയ മാനേജ്മെന്റ് ആക്ഷൻ പ്ലാൻ-2013) കണക്കുകൾ സൂചിപ്പിക്കുന്നു. കായലിന്റെ വൃഷ്ടിപ്രദേശത്തുവരുന്ന (സമീപസ്ഥലങ്ങൾ ഉൾപ്പെടെ) നിലവിലുള്ള ജലസ്രോതസ്സുകളായ കുളങ്ങളുടെ പുനരുദ്ധാരണ പ്രവൃത്തികൾ സാമ്പത്തിക ലഭ്യതയനുസരിച്ച് ജലസേചന വകുപ്പ് ഏറ്റെടുത്തിട്ടുണ്ട്. ഇതുവഴി കായലിന് സമീപത്തെ ജലസംഭരണശേഷി വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ, കായലിനോട് ചേർന്ന് താമസിക്കുന്ന കുടുംബങ്ങളുടെ കൈവശഭൂമിയുടെ വിസ്തൃതി കണക്കാക്കുമ്പോൾ പുതുതായി കുളങ്ങൾ നിർമ്മിക്കാൻ കഴിയില്ല.

തടാക തീരത്ത് അധിവസിക്കുന്ന 1607 കുടുംബങ്ങളിൽ 91.6% കുടുംബങ്ങൾക്ക് ലാട്രിൻ സൗകര്യം നിലവിലുണ്ട്. 8.4% കുടുംബങ്ങൾക്ക് ശരിയായ രീതിയിലുള്ള ലാട്രിൻ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട് എന്ന് CWRDM നടത്തിയ പഠനത്തിൽ വ്യക്തമാകുന്നു.

തടാകത്തിൽ കാലികളെ കുളിപ്പിക്കുക, ഓല കുതിർക്കുക തുടങ്ങിയവയ്ക്കെതിരെ ഗ്രാമപഞ്ചായത്തുകൾ മുഖേന നടപടി സ്വീകരിക്കാൻ കഴിയും. കൂടാതെ, ലാട്രിൻ സൗകര്യം ലഭ്യമാക്കുന്നതിനും ത്രിതല പഞ്ചായത്തുകൾക്ക് കഴിയും. മലിനീകരണത്തിനെതിരെയുള്ള ബോധവത്ക്കരണ ബോർഡുകൾ സ്ഥാപിക്കുന്നതിന് ജലസേചന വകുപ്പ് നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകുന്നതുമാണ്. കുളിക്കുന്നതിനും തുണി അലക്കുന്നതിനും പ്രതിദിനം, യഥാക്രമം 407 പേരും 587 പേരും ശാസ്താംകോട്ട തടാകത്തെ ആശ്രയിക്കുന്നതായും ഇതുവഴി എത്ര കിലോഗ്രാം മാലിന്യം തടാകത്തിൽ അടിഞ്ഞുകൂടുന്നു എന്നത് ശാസ്ത്രീയമായി കണക്കാക്കിയിട്ടില്ലെന്നും CWRDM (2013) തയ്യാറാക്കിയ മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ, തടാകത്തിലെ ജലത്തിൽ മാലിന്യം കലരുന്നതിന് ഇത്തരത്തിലുള്ള പ്രവർത്തനങ്ങൾ കാരണമാകുന്നു എന്നുള്ള നിയമസഭാ സമിതിയുടെ നിരീക്ഷണവും പരിഹാരനിർദ്ദേശങ്ങളും

പരിഗണിച്ച് 2013-ൽ CWRDM തയ്യാറാക്കിയിട്ടുള്ള മാനേജ്മെന്റ് ആക്ഷൻ പ്ലാനിൽ ജലമലിനീകരണം കുറയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളുമുണ്ട്. കൂടാതെ, ഗ്രാമപഞ്ചായത്തുകൾക്ക് (ശാസ്താംകോട്ട, വെസ്റ്റ് കല്ലട) ശുചിത്വ മിഷനുമായി ചേർന്ന് ഇക്കാര്യത്തിൽ കൂടുതൽ നടപടികൾ സ്വീകരിക്കാൻ കഴിയും.

ശാസ്താംകോട്ട തടാകത്തിൽ ചെളി അടിയുന്നുണ്ടെന്ന് 1997-ൽ നടത്തിയ ബാത്തിമെട്രി പഠനം തെളിയിക്കുന്നു. തടാകത്തിൽ നിന്ന് മണ്ണ്/ചെളി നീക്കം ശാസ്ത്രീയമായ പഠനത്തിനുശേഷമേ നടത്താൻ കഴിയൂ. പാരിസ്ഥിതിക ആഘാതപഠനം നടത്തുന്നതിന് CWRDM/NCESS പോലുള്ള ഒരു സ്ഥാപനത്തെ ചുമതലപ്പെടുത്താവുന്നതാണ്.

(27-8-2014-ലെ സമിതിയോഗം പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു.)

സി. പി. മുഹമ്മദ്,

*അദ്ധ്യക്ഷൻ,*

*പരിസ്ഥിതി സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,

2016 ഫെബ്രുവരി 18.

അനുബന്ധം

# കേരള സർക്കാർ

സംഗ്രഹം

കൃഷി വകുപ്പ്—രാസകീടനാശിനികൾ/കുമിൾ നാശിനികൾ/കളനാശിനികൾ എന്നിവയുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ — ഉത്തരവ് പുറപ്പെടുവിക്കുന്നു

## കൃഷി (എൻ.സി.എ.) വകുപ്പ്

സ.ഉ.(എംഎസ്.)നമ്പർ 128/2015/കൃഷി തിരുവനന്തപുരം, 2015, ജൂലൈ 28

പരാമർശം:- (1) സ.ഉ.(എംഎസ്.) നമ്പർ 22/2011/കൃഷി തീയതി 17-1-2011

(2) സ.ഉ.(എംഎസ്.) നമ്പർ 116/2011/കൃഷി തീയതി 7-5-2011

(3) 18-5-2015 തീയതിയിലെ കൃഷി ഡയറക്ടറുടെ റ്റി.ഡി.19977/15 നമ്പർ കത്ത്.

## ഉത്തരവ്

കേരള സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി പരാമർശം (1) പ്രകാരം കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും പരാമർശം (2) പ്രകാരം ചുവപ്പ്, മഞ്ഞ ലേബലോടുകൂടിയതും മനുഷ്യജീവന് ഹാനികരവുമായ 14 ഇനം കീടനാശിനികൾ/കുമിൾ നാശിനികൾ/കളനാശിനികൾ എന്നിവയുടെ വിൽപ്പനയും വിതരണവും ഉപയോഗവും കേരളത്തിൽ നിരോധിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

2. സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നത് സംബന്ധിച്ച് പരാമർശം (1) പ്രകാരം കീടനാശിനികളുടെ വിതരണം കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ വേണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പ്രായോഗികമാക്കാൻ ബുദ്ധിമുട്ടുകൾ നിരവധിയാണ് എന്നും ആയതിനാൽ പ്രസ്തുത സർക്കാർ ഉത്തരവ് ഭേദഗതി ചെയ്ത് രാസകീട/കുമിൾ/കളനാശിനികളുടെ വിതരണവും ഉപയോഗവും സംബന്ധിച്ച് താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കണം എന്ന് പരാമർശം (3) പ്രകാരം കൃഷി ഡയറക്ടർ ആവശ്യപ്പെട്ടിട്ടുണ്ട്.

ചുവന്ന ലേബലോടുകൂടിയ METHOMYL, MEMC (Mercuric Chloride) എന്നീ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കേണ്ടതാണ്. മഞ്ഞ ലേബലോടുകൂടിയ കീടനാശിനികളായ CABOSULPHAN, CHLORPYRIPHOS, CYPERMETHRIN, LAMDA CYHALOTHRIN, നീലലേബലോടുകൂടിയ ACEPHATE, കളനാശിനികളായ 2, 4D, GLYPHOSATE എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും സംസ്ഥാനത്ത് ജൈവകാർഷികനയം നടപ്പിലാക്കുന്നതിന്റെ ഭാഗമായി രാസകീട/കുമിൾ/ കളനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു:

(i) ചുവന്ന ലേബലോടുകൂടിയ METHOMYL, MEMC (Mercuric Chloride) എന്നീ കീടനാശിനികളുടെ ഉപയോഗം പൂർണ്ണമായും നിരോധിക്കുന്നു.

(ii) മഞ്ഞലേബലോടുകൂടിയ കീടനാശിനികളായ CARBOSULPHAN, CHLORPYRIPHOS, CYPERMETHRIN, LAMDA CYHALOTHRIN, നീലലേബലോടുകൂടിയ ACEPHATE, കളനാശിനികളായ 2, 4D, GLYPHOSATE എന്നിവയുടെ വിൽപ്പനയും ഉപയോഗവും അത്യാവശ്യഘട്ടങ്ങളിൽ കൃഷി ഓഫീസറുടെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമായി പരിമിതപ്പെടുത്തേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,
കെ. അജയകുമാർ,
*സെക്രട്ടറി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.